# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP-P7/1144/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/05/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P7/1144/2021 തീയ്യതി: 04/05/2022

## ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 01-12-2021 | 15-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-12-2021 | 15-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ആർ.ജയകൃഷ്ണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സി.ഉണ്ണികൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷിബു എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.കൃഷ്ണമ്മ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ടേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| സി.സൂധാകരക്കുറുപ്പ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| സനൽദത്ത്.ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിർമ്മല | ഐ. സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 08-10-2020 |
| സൂജാത.കെ.ബി | ഐ. സി.ഡി.എസ് സൂപ്പർ വൈസർ | 09-10-2020 | 31-03-2021 |
| രതീഷ് കുമാർ.കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| രത്നകുമാരി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഗോപകുമാർ | അസി.സെക്രട്ടറി | 01-04-2020 | 06-04-2020 |
| മധൂ.പി | അസി.സെക്രട്ടറി | 07-04-2020 | 21-06-2020 |
| ജനാർദ്ധനൻ നായർ.എം | അസി.സെക്രട്ടറി | 22-06-2020 | 31-03-2021 |
| ഡോ.ഡോണി മാനുവൽ ജോൺ | എഫ്.എച്ച്.സി. ചെട്ടികുളങ്ങര | 01-04-2020 | 23-07-2020 |
| ഡോ.ആരതി സുശീലൻ | എഫ്.എച്ച്.സി. ചെട്ടികുളങ്ങര | 24-07-2020 | 31-03-2021 |
| തോമസ്സ് എ.എൻ | ഡയറി ഫാം ഇൻസ്ട്രെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.പ്രീത.എ.എച്ച് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.സുനിത.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| സൂഗുണ | ഹെഡ്മിസ്ട്രസ്സ് . (ഗവ.യു.പി.എ),സി)കണ്ണമംഗലം | 01-04-2020 | 31-03-2021 |
| കൃഷ്ണേന്ദ്.ജി.കെ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ലേഖ മോഹൻ | കൃഷി ഓഫീസർ | 01-04-2020 | 08-10-2020 |
| അഞ്ജന | കൃഷി ഓഫീസർ | 09-10-2020 | 31-03-2021 |
| ഡോ.ഡോണി മാനുവൽ ജോൺ | മെഡിക്കൽ ഓഫീസർ, ചെട്ടികുളങ്ങര | 01-04-2020 | 23-07-2020 |
| ഡോ.ആരതി സുശീലൻ | മെഡിക്കൽ ഓഫീസർ, ചെട്ടികുളങ്ങര | 24-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.P.Shibu (Senior Grade Auditor, On 17-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 18-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A.P.Shibu (Senior Grade Auditor, On 17-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-03-2022) | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 22-03-2022)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: A.P.Shibu (Senior Grade Auditor, On 17-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ).സി.ആർ പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Unnikrishnan C (Senior Grade Auditor, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-6 |
| 8 | തൊഴിലുറപ്പു പദ്ധതി (വാർഷികകണക്കുകൾ പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-03-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Preetha (Auditor, On 18-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-9 |
| 11 | പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം - നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തണം<br>Written By: Unnikrishnan C (Senior Grade Auditor, On 20-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-10 |
| 12 | പുതുതായി നിർമ്മിച്ച കെട്ടിട ഭാഗത്തിനും വസ്തുനികുതിയിൽ കാലപ്പഴക്കത്തിനുള്ള ഇളവ് നൽകി<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-11 |
| 13 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വസ്തുനികുതി പുനർ നിർണ്ണയിച്ചു-ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-03-2022) | 1-12 |
| 14 | ദേവസ്വം ബോർഡിന്റെ ഓഫീസ് കെട്ടിടത്തിന് വസ്തുനികുതി ചുമത്തുന്നില്ല.<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-13 |
| 15 | തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തിടാക്കാനായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 20-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 26-12-2021) | 1-14 |

| | | |
|---|---|---|
| 16 | സഹകരണ സ്ഥാപനത്തിന്റെ തൊഴിൽ നികുതി 5 വർഷമായി ഡിമാൻഡ് ചെയ്തീടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 20-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-15 |
| 17 | തൊഴിൽ നികുതി ഡിമാൻഡിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും പൂർണ്ണമായും നികുതി പിരിച്ചെടുക്കാനായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 20-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-16 |
| 18 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് മൂലം തനത് വരുമാനം നഷ്ടമാവുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-17 |
| 19 | ആംബുലൻസിന്റെ ഉപയോഗം- വരവ് ചെലവ് ഇടപാടുകൾ സുതാര്യമാക്കണം<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-18 |
| 20 | മരങ്ങൾ ലേലം ചെയ്യാതെ ജീർണ്ണിയ്ക്കുന്നു-പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-19 |
| 21 | വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-20 |
| 22 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-21 |
| 23 | സാമൂഹ്യ പെൻഷൻ അപാകതകൾ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-22 |
| 24 | ഗ്രമപഞ്ചായത്തിലെ തെരുവിളക്കുകളുടെ ബില്ലിംഗ്- കെ.എസ് .ഇ.ബി വാസ്തവവിരുദ്ധമായ കണക്കുകളെ ആധാരമാക്കി -ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപ നഷ്ടമാകുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 20-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-23 |
| 25 | തെരുവ് വിളക്ക് മെയിന്റനൻസ്-കരാറുകാരൻ പരിപാലനം നടത്തിയ തെരുവ് വിളക്കുകളുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകി<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-24 |
| 26 | ആർദ്രം -പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രമാക്കൽ നമ്പർ 107/20 – പൂർത്തീകരിച്ച ജോലികളുടെ വിവരങ്ങളില്ല- 4450000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-25 |
| 27 | ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് അസറ്റ് മാപ്പിംഗ്-പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതാണ് | 1-26 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 26-12-2021) | |
| 28 | മെറ്റീരിയൽ കളക്ഷൻ സെന്ററർ - ആസൂത്രണത്തിലെ അപാകത<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-27 |
| 29 | തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനക്ഷമമായിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-28 |
| 30 | പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-29 |
| 31 | പാലിയേറ്റീവ് കെയർ -സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-30 |
| 32 | തൊഴിലുറപ്പ് പദ്ധതി- വോയിഡ് കുറവ് വരുത്താതെ അധിക ചെലവ്<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-31 |
| 33 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിഃ ജി.എസ്.ടി സ്രോതസ്സിൽ കുറവ് വരുത്തിയില്ലഃ<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-32 |
| 34 | ബഡ്സ് സ്കൂളിൽ പശ്ചാത്തലസൗകര്യം ഒരുക്കൽ - പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-33 |
| 35 | വാഹനങ്ങളുടെ ഫ്യൂവൽ അക്കൌണ്ട് കൃത്യമായി തയ്യാറാക്കാത്തതിനാൽ ഇന്ധന ഉപയോഗം നിരീക്ഷിക്കപ്പെടുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 20-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-12-2021) | 1-34 |
| 36 | ഗുണഭോക്തൃ പട്ടികയിൽപെടാത്തവർക്ക് ആനുകൂല്യം നൽകി.<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-35 |
| 37 | ജൽ ജീവൻ മിഷന് തുക നൽകൽ- പദ്ധതിയുടെ പൂർത്തീകരിച്ചതിന്റെയോ തുക വിനിയോഗിച്ചതിന്റെയോ വിവരങ്ങളില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-36 |
| 38 | പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിലെ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം കൃത്യമാക്കണം<br>Written By: Unnikrishnan C (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-37 |
| 39 | ആയുർവേദാശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 1-38 |
| 40 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ-പൊതു | 1-39 |

| | | |
|---|---|---|
| | അപാകതകൾ:<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | |
| 41 | അഗതി ആശ്രയ-അക്കൌണ്ടിൽ തുകയുള്ളപ്പോഴും ഗുണഭോക്താക്കൾ ആനുകൂല്യം ലഭിക്കാതെ അവശേഷിക്കുന്നു.<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-40 |
| 42 | ഇ.എം.എസ് ലോൺ തിരിച്ചടക്കാനുള്ള തുകയിലധികം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തു.<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 26-12-2021) | 1-41 |
| 43 | സോളാർ വൈദ്യുതി- പദ്ധതിയുടെ പുരോഗതി-പരിശോധന നടത്തേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-42 |
| 44 | EMS -ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനാരംഭിച്ച അക്കൌണ്ടിൽ അവശേഷിച്ച തുക പഞ്ചായത്തിന്റെ ബാധ്യതയായി തുടരുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 24-12-2021) | 1-43 |
| 45 | തിരികെ ഒടുക്കിയ സാമൂഹ്യസുരക്ഷപെൻഷനുകൾ ബാധ്യത ഹെഡ്ഡുകളിൽ തുടരുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 24-12-2021) | 1-44 |
| 46 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 24-12-2021) | 1-45 |
| 47 | ബാധ്യത ഹെഡ്ഡിൽ തുടരുന്ന തുകൾ<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 24-12-2021) | 1-46 |
| 48 | ഇ-പേയ്മെന്റ് അക്കൌണ്ടിലെ നീക്കിബാക്കിയിൽ നിശ്ചിത തുക പലിശ്ശയുള്ള അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കാവുന്നതാണ്.<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 24-12-2021) | 1-47 |
| 49 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 24-12-2021) | 1-48 |
| 50 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-49 |
| 51 | ലൈഫ് പദ്ധതി അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-50 |
| 52 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 24-12-2021) | 1-51 |
| | **ഭാഗം 2** | |
| 1 | വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 20-03-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-03-2022) | 2-1 |

| | | |
|---|---|---|
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 18-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 18-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 18-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sajitha Das (Audit Officer (HG), On 22-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 22-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 18-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 18-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 25.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 249713200 | 261362119 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടിച്ചർ പത്രിക) | 252039344 | 268831399 |

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക കണക്കുകൾ ഓഡിറ്റിനു സമർപ്പിച്ച തീയതി-23-07-2021 (E-Submission)

വാർഷിക കണക്കുകൾ ഓഡിറ്റിനു സമർപ്പിക്കേണ്ട തീയതി-31-07-2021

ഓഡിറ്റിന്റെ ഭാഗമായി വാർഷിക കണക്കുകൾ പരിശോധിച്ചു.

## 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1)KURDFC ലോൺ B-5 പട്ടികയുംB-16 പട്ടികയും തമ്മിൽ 368299രൂപയുടെ വ്യത്യാസം ഉണ്ട്. B-5 ൽ 368299രൂപ കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2) ഡി.സി.ബി-വാടക: സാംഖ്യ പ്രകാരമുള്ള കുടിശ്ശിക കളക്ഷനും രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക കളക്ഷനും തമ്മിൽ 7368രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. 20-21 ലെ തൻവർഷ വാടക തെറ്റായി അരിയർ കളക്ഷനായി രേഖപ്പെടുത്തിയതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3)നിർവ്വഹണ ഏജൻസികൾക്ക് നിരവധി മുൻകൂറുകൾ നൽകിയിട്ടുണ്ടെങ്കിലും ഈ തുകകളൊന്നും തന്നെ അഡ്വൻസ് എന്ന നിലക്കല്ല അക്കൌണ്ട് ചെയ്തിട്ടുള്ളത്.

ഉദാ: വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -150/20 എന്ന പ്രോജക്റ്റിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 21927 രൂപയും സ്പിൽ ഓവറായി 157/21 ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും 5478073 രൂപയും മുൻകൂറായി കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം നൽകിയിരുന്നു. എന്നാൽ ഈ തുക വാർഷിക കണക്കുകളിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന നിലയിൽ അക്കൌണ്ട് ചെയ്തിട്ടില്ല.ആയതിനാൽ ഈ തുകയുടെ വിനിയോഗം നിരീക്ഷിക്കാനാകില്ല.

4) 2019-20 വർഷം സോഴ്സ് ഡിഡക്ഷനായി ഉൾപ്പെടുത്തിയ മുഴുവൻ തുകയും അക്കൌണ്ട് ചെയ്യാത്തതിനാൽ വർഷാവസാനം ബാക്കി നിൽക്കുന്ന തുകയിൽ പിശകുണ്ട് (ഖണ്ഡിക നം- കാണുക)

5)B-4 പട്ടികയിൽ വികസനഫണ്ട് പൊതു വിഭാഗം , സെൻട്രൽ ഫിനാൻസ് കമ്മീഷൻ എന്നീ ഹെഡ്ഡുകളിൽ ബാധ്യതയായി അവശേഷിക്കുന്ന തുക മുൻകൂറായി നിർവ്വഹണ ഏജൻസികൾക്ക് നൽകി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത തുകകളാണ്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

6) അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാനായില്ല.

7)പഞ്ചായത്ത് നിക്ഷേപമായി സ്വീകരിച്ചിരിക്കുന്ന മുന്നിരിപ്പ് കൃത്യമല്ല.

## 1-3 സാമ്പത്തിക വിശകലനം

| 2020-21 | |
|---|---|
| മുന്നിരിപ്പ് | 32120836 |
| വരവ് | 119407347 |
| ആകെ | 151528183 |
| ചെലവ് | 131858031 |
| നീക്കിയിരിപ്പ് | 19670152 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 31558 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6991579 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ക്രമ നം | ഫണ്ടിനം | അലോട്ട്മെന്റ് | ഉറവിടത്തിൽ കുറച്ചത് | ചെലവ് (RP-7 പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-പൊതുവിഭാഗം | 20856157 | 3100333 | 17696556 | 20796889 | 3159601 |
| 2 | വികസന ഫണ്ട്-എസ്.സി.പി | 17505902 | 190666 | 14335716 | 14526382 | 3170186 |
| 3 | വികസന ഫണ്ട്-ടി.എസ്.പി | 214000 | 0 | 193900 | 193900 | 20100 |
| 4 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 1908600 | 0 | 5602641 | 5602641 | 65443 |
| 5 | സംരക്ഷണ ഗ്രാന്റ്-റോഡ് | 14868000 | 0 | 14818148 | 14818148 | 49852 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17798012 | 0 | 16006264 | 16006264 | 1791748 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied Grant | 7800000 | 0 | 1192490 | 1192490 | 6607510 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 179 | 151816589 | 99 | 90428851 | 24 | 56 | 69% |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 15,240 |
| കർഷകതൊഴിലാളി പെൻഷൻ | 1,62,85,800 |
| വിധവാ പെൻഷൻ | 3,01,70,300 |

| | |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 5,79,59,300 |
| വികലാംഗ പെൻഷൻ | 86,64,500 |
| അവിവാഹിത പെൻഷൻ | 15 99 700 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 3 60 000 |

## 1-7 തൊഴിലുറപ്പ് പദ്ധതി (വാർഷികകണക്കുകൾ പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 433789 | 3139706 | 3573495 | 2183609 | 1389886 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 37211261 | | 37211261 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.12.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7092/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തനത് വരുമാനവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ നികുതി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അഭിനന്ദനാർഹമായ പ്രവർത്തനം തന്നെയാണ് ജീവനക്കാരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. സമയബന്ധിതമായി ഓഡിറ്റ് വകുപ്പിന് മറുപടി നൽകി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നില്ല.

4.ആംബുലൻസിന്റെ രസീത് പ്രകാരമുള്ള തുകകൾ പഞ്ചായത്തിൽ യഥാസമയം ഒടുക്ക് വരുത്തുന്നില്ല. രസീതിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

5.വിവിധ നിർമ്മാണ പ്രവൃത്തികളിൽ നീക്കം ചെയ്യപ്പെട്ടതും പുനരുപയോഗമുള്ളതുമായ സാധനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിന് സർവ്വെ റിപ്പോർട്ട് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ലേല രജിസ്റ്ററിൽ സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും യഥാസമയം ലേല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. പുതിയതായി നിർമ്മിക്കപ്പെട്ട ബഡ്സ് സ്കൂൾ, എം.സി.എഫ്, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവയൊന്നും ആസ്തിര രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

7.ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

8.റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

9.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം - നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തണം

പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനനിർമ്മാണമോ ഇതേ ആക്റ്റിലോ ആക്റ്റിനു കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. (കേ.പ.രാജ് നിയമം 235W (iii)). മേൽ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത അനധികൃത കെട്ടിടങ്ങളെ വകുപ്പ് 235 AA അനുസരിച്ച് നികുതി ചുമത്തുന്നതിന് (നിയമാസനുസൃതമെങ്കിൽ ഈടാക്കാവുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേരുന്ന തുക) പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ അധിക നിർമ്മിതി ഗ്രമപഞ്ചായത്ത് അറിഞ്ഞു നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്ന വിസ്തൃതിയിൽ നിന്നും വ്യത്യസ്തമായി കെട്ടിടങ്ങളോട് കൂട്ടി ചേർക്കലുകളും അധിക നിർമ്മാണങ്ങളും ഉണ്ടാകുന്ന നിരവധി സാഹചര്യങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്സ്ഥല പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയ ചില കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു

<u>1.355 ച.മീറ്റർ വിസ്തൃതിയുള്ള ഇരുചക്രവാഹന വിൽപ്പന വിതരണ കേന്ദ്രത്തിന് സഞ്ചയ ഡേറ്റാ ബേസ് പ്രകാരം വിസ്തൃതി 110ച.മീറ്റർ മാത്രം</u>

റ്റി.എം ബഷീർ,ഷൈമാസ് മോട്ടോർസ് എന്ന ഉടമയുടെ പേരിലുള്ള 2/295 എന്ന നമ്പരുള്ള കെട്ടിടത്തിലാണ് ഷൈമാസ് ഹോണ്ട എന്ന ഇരുചക്ര വാഹന വിൽപന-സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഈ കെട്ടിടത്തിന് 110 ച.മീറ്ററാണ് വിസ്തൃതി. ഓഡിറ്റ് എൻക്വയറി നം-38/20-21 പ്രകാരം ഈ കെട്ടിടത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും തറവിസ്തൃതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സ്ഥലപരിശോധന നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിയുടെ 15-12-2021 ലെ സി1/7052/21 റിപ്പോർട്ട് പ്രകാരം നിലവിൽ 2/295 നമ്പരുള്ള കെട്ടിടത്തിന് 355 ച.മീ വിസ്തൃതിയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ കെട്ടിടത്തിന്റെ നികുതി യഥാസമയം നിർണ്ണയിക്കാതിരിക്കുക വഴി ഗ്രാമപഞ്ചായത്തിന് വലിയ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. 2/295 എന്ന കെട്ടിടത്തിന്റെ നിലവിലെ വസ്തുനികുതി 1620 രൂപയും ലൈ.സെസ് 81രൂപയുമാണ്. അധികമായി നിർമ്മിച്ച ഭാഗത്തിന്റെ വ്സതുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്

<u>2.ലൈഫ് ഭവനപദ്ധതി പ്രകാരം നിർമ്മിച്ചതും വസ്തുനികുതി ഒഴിവാക്കി നൽകിയതുമായ പാർപ്പിടാവശ്യ കെട്ടിടത്തിന് 80.5 ച.മീറ്റർ വിസ്തൃതി</u>

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് - 207 (ഐ) പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കെട്ടിട ഉടമയുടെ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്നതും തറവിസ്തീർണ്ണം 30 ച.മീറ്ററിൽ കുറവുള്ളതുമായ പാർപ്പിടങ്ങളെയും വകുപ്പ് -207(ജെ) പ്രകാരം സർക്കാരോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി സൌജന്യമായി നിർമ്മിച്ചുനൽകുന്ന വാസഗൃഹങ്ങളെയും വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നിയമത്തിലെ ഈ വ്യവസ്ഥകളിൽ മാറ്റം വരുത്താതെ ചില വ്യവസ്ഥകൾക്ക് വിധേയമായി 660 ചതുരശ്ര അടി വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യകെട്ടിടങ്ങളെയും വസ്തുനികുതി സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സർക്കാർ ഉത്തരവ് (എം.എസ്)നം.358/2015 ത.സ്വ.ഭ.വ തീ.16.12.2015 ). 2015-16 സാമ്പത്തിക വർഷം മുതലാണ് ഈ നികുതി ഒഴിവിന്റെ പ്രബല്യം. നികുതി ഒഴിവ് ലഭിക്കുന്നതിന് കെട്ടിട ഉടമയുടെ സത്യവാങ്ങ്മൂലത്തിന്റെ

അടിസ്ഥാനത്തിൽ കുടുബ നാഥന്റെ / നാഥയുടെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനായുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് നികുതി ഒഴിവിന്റെ ആനുകൂല്യം ലഭിക്കുക . ലൈഫ് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ശേഷം വസ്തുനികുതി ഇളവ് നേടിയ ശേഷം കെട്ടിടത്തിന്റെ ഉപയോഗത്തിലും തറവിസ്തൃതിയിലും വരുത്തുന്ന മാറ്റങ്ങൾ പലപ്പോഴും ഗ്രാമപഞ്ചായത്ത് അറിയാനിടയാവാത്ത സാഹചര്യമുണ്ട്.

ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-33/20-21 തീ.14/12/21) തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ പത്തൊൻപതാം വാർഡിലെ കെട്ടിടനം. 19/49 D എന്ന പാർപ്പിടാവശ്യകെട്ടിടം പരിശോധിച്ച് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കി. ഈ കെട്ടിടത്തിന്റെ സഞ്ചയഡേറ്റാ ബേസ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ തറവിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| യഥാർത്ഥത്തിലുള്ള തറവിസ്തൃതി | സഞ്ചയ ഡേറ്റാ ബേസ് പ്രകാരമുള്ള തറവിസ്തൃതി |
|---|---|
| 80.5ച.മീ | 39 ച.മീ |

2019ഒന്നാം പാദത്തിലാണ് കെട്ടിടത്തിന്റെ നികുതി നിർണ്ണയവിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയത്. തറവിസ്തൃതി വർദ്ധന സംബന്ധിക്കുന്ന കെട്ടിട ഉടമയുടെ അപേക്ഷയോ വസ്തുനികുതി റിട്ടേണോ പഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല. മേൽ പരാമർശിത കെട്ടിടത്തിന്റെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടിലഭ്യമാക്കിയിട്ടുണ്ട്. സമാനമായ നിരവധി കെട്ടിടങ്ങൾ നികുതി ചുമത്തലിൽ നിന്നും രക്ഷപെടുന്ന സാഹചര്യം പഞ്ചായത്തിലുണ്ടാകാമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ കെട്ടിടത്തിന്റെ നികുതി പുനനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>3.വാണിജ്യാവശ്യബാങ്കിനയി നിർമ്മിച്ച ATM പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാ ബേസിൽ ഉൾപ്പെടുന്നില്ല</u>

15/669A എന്ന വാണിജ്യവശ്യ കെട്ടിടത്തിലാണ് ചെട്ടികുളങ്ങര SBI പ്രവർത്തിക്കുന്നത്.ഈ കെട്ടിടം സതീശൻപിള്ള , അഭിലാഷ് എന്ന പേരിലുള്ളതാണ്. ഈ കെട്ടിടത്തിന് പഞ്ചായത്തിലെ ഡേറ്റാ ബേസ് പ്രകാരം 192 ച.മീ വിസ്തൃതിയുണ്ട്. എന്നാൽ കെട്ടിടത്തിന് പുറത്തായി നിർമ്മിച്ച ATM പഞ്ചായത്തിന്റെ ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല. 192 ച.മീറ്ററിൽ നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടത്തിന്റെ IPMS ഡേറ്റ (ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി പഞ്ചായത്തിന് വേണ്ടി നടത്തിയ IPMS എന്ന വെബ് അധിഷ്ഠിത സേവനത്തിൽ നിന്നുള്ള റിപ്പോർട്ട്) പ്രകാരം നിലവിൽ 221 ച.മീറ്റർ വിസ്തൃതിയുണ്ട്.ATM നായി നിർമ്മിച്ച ഭാഗത്തിന്റെ നികുതി ഈടാക്കിയിട്ടില്ലാത്ത പക്ഷം നികുതി നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

ക്രമ നം-1,2,3 ആയി സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും സമാനമായ അപാകതകൾ IPMS എന്ന വെബ് അധിഷ്ഠിത സേവനത്തിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുമാണ്.

## <u>1-11 പുതുതായി നിർമ്മിച്ച കെട്ടിട ഭാഗത്തിനും വസ്തുനികുതിയിൽ കാലപ്പഴക്കത്തിനുള്ള ഇളവ് നൽകി</u>

റോയി ജോൺ,മംഗലത്ത് പുത്തൻവീട് എന്നയാളുടെ പേരിലുള്ള 5/350 എന്ന നമ്പരിലുള്ള കെട്ടിടത്തിന്റെ പുതിയതായി നിർമ്മിച്ച ഭാഗത്തിന് (164 ച.മീറ്റർ-ഒന്നാം നില) നികുതി നിർണ്ണയിച്ചപ്പോൾ നിലവിലുള്ള 190 ച.മീറ്റർ താഴത്തെ നിലയിലെ കൂട്ടി ചേർക്കലായി സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയതും മുഴുവൻ കെട്ടിട ഭാഗത്തിനും 28 വർഷത്തെ കാലപ്പഴക്കമുള്ളതായി രേഖപ്പെടുത്തിയതും വസ്തുനികുതി കുറയുന്നതിനിടയാക്കി.190 ച.മീറ്റർ വിസ്തൃതിയുള്ള താഴത്തെനിലയുടെ മുൻപുള്ള നികുതി (ARV) 130 രൂപയായും വർദ്ധനവിന്റെ കുറഞ്ഞ പരിധി 163രൂപയായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന് ഘടനാപരമായ മാറ്റം വന്നിരുന്നുവെന്നും സഞ്ചയാ ഡേറ്റാ ബേസിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ യഥാർത്ഥ പഴക്കം ARV വസ്തുനികുതി നിർണ്ണയം എന്നീ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിരുന്നില്ല. 185 ച.മീറ്ററിൽ അധികം വിസ്തൃതിയുള്ളതും ഒടുവിൽ നികുതി നിർണ്ണയിച്ച ശേഷം ഘടനാപരമായി മാറ്റങ്ങൾ വരുത്തിയ കെട്ടിടങ്ങളെ പുതിയ കെട്ടിടങ്ങളെന്ന നിലയിൽ പരിഗണിച്ചാണ് വസ്തുനികുതി ചുമത്തേണ്ടത് എന്നാൽ പുതിയതായി നിർമ്മിച്ച 164ച.മീറ്റർ ഭാഗത്തെ നിലവിലുണ്ടായിരുന്ന 190 ച.മീറ്റർ ഭാഗത്തോട് ചേർത്ത് 28 വർഷത്തെ പഴക്കം മുഴുവൻ ഭാഗത്തിനും ബാധകമാക്കിയതും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയാക്കി.

| കെട്ടിടത്തിന്റെ നിലവിലുള്ള ഭാഗം | നിലവിലുള്ള നികുതി | വർദ്ധനവ് |
|---|---|---|
| 190ച.മീ | 130 | 163 |

| പുതിയതായി | ചുമത്തിയ നികുതി | 164m2 ന് പ്രത്യേകം | കുറവ് വന്ന |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| നിർമ്മിച്ച ഭാഗം | @7/Sq M | നികുതി ചുമത്തിയിരുന്നെങ്കിൽ | വസ്തുനികുതി ലൈ.സെസ് |
| 164 ച.മീറ്റർ | ആകെ വിസ്തൃതി-354 ച.മീ<br>അടിസ്ഥാന വസ്തുനികുതി-354X7=2478<br>റോഡ് വിസ്തൃതി അടിസ്ഥാനമാക്കിയിട്ടുള്ള<br>വർദ്ധനവ്-20%=495.6<br>കാലപ്പഴക്കം (28 വർഷം) ഇളവ്-20%=495.6<br>(190 M2 പഴയ ഭാഗത്തിനുള്ള നികുതി കുറച്ച് മുൻപുണ്ടായിരുന്ന നികുതിയുടെ 25% വർദ്ധനവ് ബാധകമാക്കുമ്പോൾ)=1311<br>ലൈ.സെസ്-66 | അടിസ്ഥാന വസ്തുനികുതി-164X7=1148<br>റോഡ് വിസ്തൃതി അടിസ്ഥാനമാക്കിയിട്ടുള്ള<br>വർദ്ധനവ്-20%=229.6<br>ആകെ- 1378<br>വസ്തുനികുതി -1378<br>ലൈ.സെസ്-69<br>---------------------------<br>190ച.മീ ഭാഗത്തിന്റെ പുതുക്കിയ വസ്തു നികുതി-163<br>ലൈ.സെസ്-9<br>--------------<br>ആകെ വസ്തുനികുതി-(1368+163)=1541<br>ലൈ.സെസ്-78 | വസ്തുനികുതി -230<br>ലൈ.സെസ്-12 |

ആദ്യമുണ്ടായിരുന്ന കെട്ടിട ഭാഗത്തിന്റെ നികുതി പുനനിർണ്ണയിക്കുമ്പോൾ സർക്കാർ ഉത്തരവ് (എം.എസ്)നം 358/2015 /തസ്വഭവ തീ.16-12-15 നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വസ്തുനികുതി പുനർ നിർണ്ണയിച്ചു-ഓഡിറ്റ് ഇംപാക്ക്റ്റ്

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്.

250 ച.മീറ്ററിലധികം മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയില് 15 % വർദ്ധനവ് വരുത്തേണ്ടതുണ്ട്. പരിശോധനയിൽ കണ്ടെത്തിയ ചില കെട്ടിടങ്ങൾക്ക് മേൽ പരാമർശിച്ച വർദ്ധനവുകൾ ഉൾപ്പെടുത്തിയിരുന്നില്ല.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഗ്രാമപഞ്ചായത്ത് സഞ്ചയ പ്യൂരിഫിക്കേഷൻ വഴി തിരുത്തലുകൾ നടത്തി.ഇത് ഗ്രാമപഞ്ചായത്തിന്റെ ആകെ വസ്തുനികുതി ഡിമാൻഡിൽ രൂപയുടെ വർദ്ധനവ് ഉണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ ഉപയോഗക്രമം | ഉടമയുടെ പേര്/ വിസ്തൃതി | വർദ്ധനവ് |
|---|---|---|
| 7/447A<br>പാർപ്പിടാവശ്യം | ശ്യാമള മണ്ണോലിൽ ഈരേഴ തെക്ക്<br>113.74ച.മീ | 5 Mൽ അധികം വിസ്തൃതിയുള്ള റോഡ് 20%-159<br>ലൈ.സെസ്-8 |
| 10/47A<br>പാർപ്പിടാവശ്യം | ബിന്ദു<br>ഉണ്ടിൽ വീട്<br>കൊയ്പ്പള്ളി കാരയ്മ | 5 Mൽ അധികം വിസ്തൃതിയുള്ള റോഡ് 20%-369<br>ലൈ.സെസ്-19 |

| | | |
|---|---|---|
| | 264 ച.മീ | |
| 19/677B<br>പാർപ്പിടാവശ്യം | നിഷ വിനോദ്<br>ദേവരാഗം<br>ഈരേഴ വടക്ക്<br>486ച.മീ | 250 ച.മീറ്ററിലധികം മേൽത്തരം തറനിർമ്മിതി-15% വർദ്ധനവ്-510<br>ലൈ.സെസ്-26 |
| ആകെ ഡിമാൻഡിൽ വന്ന വർദ്ധനവ് | | വസ്തുനികുതി -1038<br>ലൈ.സെസ്-53 |

ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾക്ക് വളരെ വേഗതയിൽ തീരുമാനം എടുത്ത ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നു. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 ദേവസ്വം ബോർഡിന്റെ ഓഫീസ് കെട്ടിടത്തിന് വസ്തുനികുതി ചുമത്തുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ ഒഴിവ് ദേവസ്വം ബോർഡ് ഓഫീസുകൾക്ക് ബാധകമല്ല. ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസ് പ്രകാരം 19/426 എന്ന 352 ച.മീറ്റർ വിസ്തൃതിയുള്ള ഇരുനില കെട്ടിടം ദേവസ്വം ബോർഡ് ഓഫീസ് എന്ന പേരിലുള്ള കെട്ടിടം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട നിലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കെട്ടിടത്തിൽ ആരാധനാലയത്തിന്റെ അനുബന്ധ ഭാഗങ്ങൾ ഉണ്ടെങ്കിൽ ഈ കെട്ടിടത്തെ ആരാധനാലയം എന്ന വിഭാഗത്തിലേക്ക് മാറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഓഫീസുകൾ എന്ന നിലയിൽ വസ്തുനികുതി ചുമത്തേണ്ടതാണ്.

## 1-14 തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കാനായില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.

2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തൊഴിൽ നികുതി ഡിമാൻഡ് ചെയ്യാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ പല സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഇപ്പോഴും ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1.യോഗക്ഷേമം ലോൺസ് ലിമിറ്റഡ് , ചെട്ടികുളങ്ങര

2.മണിമുറ്റത്ത് നിധി ലിമിറ്റഡ് ചെട്ടികുളങ്ങര

3.കെ.എൽ.എം.ആക്സിവ ഫിൻവെസ്റ്റ്, ചെട്ടികുളങ്ങര

4. ചെട്ടികുളങ്ങര ഗ്രാമീൺ നിധി ലിമിറ്റഡ്, ചെട്ടികുളങ്ങര

5.ഷൈമാസ് ഹോണ്ട , തട്ടാരമ്പലം

6.രാജവത്സം സുസുക്കി,തട്ടാരമ്പലം

7.പോപ്പുലർ ബജാജ്,തട്ടാരമ്പലം

8.ഗീതം മോട്ടോർസ്, തട്ടാരമ്പലം

9.മോഹിത് മോട്ടോർസ് , തട്ടാരമ്പലം

10.ചെങ്ങന്നൂർ നിധി ലിമിറ്റഡ്

ഇതിൽ ക്രമ നം.1,2,5,6,7,8എന്നിവ മുൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന സ്ഥാപനങ്ങളായിരുന്നു. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.(നം-18 തീ.- 10-12-21). തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 സഹകരണ സ്ഥാപനത്തിന്റെ തൊഴിൽ നികുതി 5 വർഷമായി ഡിമാൻഡ് ചെയ്തീടാക്കിയില്ല

Erezha Service Co-Operative Bank Ltd 190 വർഷങ്ങളായി ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ഇത് ഗ്രാമപഞ്ചായത്തിന് ജീവനക്കാരുടെ തൊഴിൽ നികുതി , സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നീ വരവിനങ്ങളിൽ നികുതിവരവ് കുറയുന്നതിനിടയാക്കിയിട്ടുണ്ട്. ഈ സ്ഥാപനം ഗ്രാമപഞ്ചായത്തിന്റെ ഡിമാൻഡിൽ നിന്നും ഒഴിവായതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (നം-17/10.12.2021) ഈ സ്ഥാപനത്തിൽ നിലവിൽ ഓണറേറിയം വ്യവസ്ഥയിലുള്ള സെക്രട്ടറി മാത്രമാണുള്ളതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജീവനക്കാരില്ലാത്ത പക്ഷം ജീവനക്കാരുടെ തൊഴിൽ നികുതി ഒഴിവാക്കി നൽകാമെങ്കിലും സ്ഥാപനം നടത്തുന്ന ഇടപാടുകൾക്കനുസൃതമായി സ്ഥാപനതൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതായിരുന്നു. അഞ്ച് വർഷമായി പഞ്ചായത്ത് വ്യക്തമായ കാരണമില്ലാതെ ഈ സ്ഥാപനത്തെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കി. കുടിശ്ശിക സഹിതം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. ജീവനക്കാരെ നിയമിക്കുമ്പോൾ വിവരം പഞ്ചായത്തിനെ അറിയിക്കണമെന്ന് സ്ഥാപനത്തിന് തുടർ നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി ഡിമാൻഡിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും പൂർണ്ണമായും നികുതി പിരിച്ചെടുക്കാനായില്ല

തൊഴിൽ നികുതി സംബന്ധിക്കുന്ന ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനത്തിന്റെ പേരിനൊപ്പം ചേർത്തിരിക്കുന്ന അർദ്ധവർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-16 തീ-10-12-21) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ പേരുകളും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത അർദ്ധവർഷങ്ങളും ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം | നികുതി ഒടുക്ക് സംബന്ധിച്ച മറ്റ് വിവരങ്ങൾ |
|---|---|---|
| 1. മുത്തൂറ്റ് ഫിൻ കോർപ്പ്,ചെട്ടികുളങ്ങര | II | ഒന്നാം വർഷം 4 ജീവനക്കാർ 3350 രൂപ ഒടുക്കിയിട്ടുണ്ട്. |
| 2. MSC എൽ.പി.എസ് | I | രണ്ടാം അർദ്ധവർഷം 2 ജീവനക്കാർ 2500 രൂപ ഒടുക്കിയിട്ടുണ്ട്. |
| 3.IOB ഓലകെട്ടിയമ്പലം | II | ഒന്നാം വർഷം 5 പേർ 6250 രൂപ ഒടുക്കിയിട്ടുണ്ട് |
| 4.കാട്ടുവള്ളിൽ ദേവസ്വം | I | രണ്ടാം അർദ്ധവർഷം 6ജീവനക്കാർ 7500രൂപ ഒടുക്കിയിട്ടുണ്ട്. |
| 5. പീബീസ് ആയുർവേദ ഹോസ്പിറ്റൽ | II | - |

**തൊഴിൽ നികുതി ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.**

**2 തൊഴിൽ നികുതി സംബന്ധിക്കുന്ന ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽ നികുതി ഈടാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം- 16 തീ 10-12-21) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ പേരുകളും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത അർദ്ധവർഷങ്ങളും ചുവടെ ചേർക്കുന്നു.**

| സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| കെ.റ്റി.ഡി.സി ബിയർ പാർലർ | I & II |
| Supplyco Mavelistore | II |
| മുത്തൂറ്റ് ഫിനാൻസ് കരിപ്പുഴ | II |
| മുത്തൂറ്റ് ഫിൻ കോർപ്പ് കരിപ്പുഴ | I & II |
| HDFC | I & II |
| IOB , ഓലകെട്ടിയമ്പലം | II |
| മേനമ്പള്ളി SCB നം- 570 | II |
| പ്രീതി കൺവെൻഷൻ സെന്റർ | II |

**തൊഴിൽ നികുതി ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.**

## 1-17 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് മൂലം തനത് വരുമാനം നഷ്ടമാവുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 232,232(1),233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി പഞ്ചായത്തിൽ 1525 സ്ഥാപനങ്ങളോളം ലിസ്റ്റ് ചെയ്തിട്ടുണ്ട് എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം പകുതിയോളം സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുത്തതായി കാണുന്നില്ല

| വർഷം | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ലിസ്റ്റ് ചെയ്തിരിയ്ക്കുന്ന വാണിജ്യസ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 2019-20 | 410 | 1525 |
| 2020-21 | 483 | |

ഇത്രയുമധികം വാണിജ്യ,വ്യവസായ കെട്ടിടങ്ങൾ ഉണ്ടായിട്ടും ഇത്രയും സ്ഥാപനങ്ങൾ മാത്രം ലൈസൻസ് എടുത്ത് പ്രവർത്തിയ്ക്കുന്നുള്ളൂ. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/06.12.21) നൽകിയ മറുപടിയിൽ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് നൽകുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ **410** സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുള്ളൂ. **2**020-21ൽ ഓഡിറ്റ് എൻക്വയറിയ്ക്ക് തന്ന മറുപടി പ്രകാരം 496 സ്ഥാപനങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നു തന്നെ ലിസ്റ്റ് അപൂർണ്ണമാണെന്ന് കാണുന്നു. നിലവിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന എല്ലാ വാണിജ്യ വ്യവസായസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ്തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതുമൂലം ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഒടുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയാതെ പോകുന്നു. ഇത് വലിയരീതിയിൽ തനതു വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കും. ആയതിനാൽ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## <u>1-18 ആംബുലൻസിന്റെ ഉപയോഗം- വരവ് ചെലവ് ഇടപാടുകൾ സുതാര്യമാക്കണം</u>

KL31 B 8047 എന്ന നമ്പരിലുള്ള ആംബലൻസ് പഞ്ചായത്തിലെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഉപയോഗങ്ങൾക്കു പുറമെ പൊതു ജനങ്ങൾക്കായി യൂസർ ഫീ ഈടാക്കി വിട്ടുനൽകുന്നുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് ദിവസ വേതന അടിസ്ഥാനത്തിൽ മുഴുവൻ സമയ ഡ്രൈവറെയും ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. വാഹനത്തിന്റെ പരിപാലന ചെലവുകൾക്കായി വളരെ ഉയർന്ന തുക ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. എന്നാൽ പുറത്തു നിന്നും ലഭിക്കുന്ന വരവുകൾ വളരെക്കുറവാണ്. മാത്രമല്ല ഇത് കൃത്യമായും കാര്യക്ഷമമായും ഈടാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കപ്പെടുന്നില്ല. 06-05-2011 ലെ VI നമ്പർ കമ്മറ്റി തീരുമാന പ്രകാരമാണ് വാഹനത്തിന്റെ യൂസർ ഫീ ഈടാക്കുന്നത്. ഇത് പ്രകാരം കുറഞ്ഞ ചാർജ് ആദ്യ ഏഴ് കിലോമീറ്റർ വരെ 300 രൂപയും തുടർന്നുള്ള കിലോ മീറ്ററുകൾക്ക് 7 രൂപയുമാണ്. ഇത് പിന്നീട് പുതുക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. എന്നാൽ പല ദിവസങ്ങളിലും ഈടാക്കേണ്ട തുകയേക്കാൾ കുറഞ്ഞ തുകയാണ് ഈടാക്കുന്നത്. ഉദാ- 29-05-21 ൽ 84 കി.മീ ഓടിയതിന് 700 രൂപയാണ് ഈടാക്കിയത്, (രസീത് നം- 607). ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ കോവിഡ് കാലത്ത് മുന്നൂറ് രൂപ മിനിമം ചാർജിൽ ആദ്യ പതിനഞ്ച് കിലോമീറ്റർ വരെ അനുവദിച്ചിരുന്നുവെന്നും നിർധനരിൽ നിന്നും പലപ്പോഴും ജനപ്രതിനിധികളുടെ അഭിപ്രായം മാനിച്ച് കുറവ് തുകയാണ് ഈടാക്കിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ വാദത്തെ സാധൂകരിക്കുന്ന കമ്മിറ്റി തീരുമാനങ്ങൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയില്ല.

ഇപ്രകാരം രസീത് പ്രകാരം ഈടാക്കുന്ന തുക വളരെ താമസ്സിച്ചാണ് പഞ്ചായത്തിൽ ഒടുക്കുന്നത്. കാലതാമസ്സത്തിന് പഞ്ചായത്ത് ഡ്രൈവറോട് വിശദീകരണം ആരാഞ്ഞിട്ടില്ല. ഉദാഹരണത്തിന് 19-12-2020 ൽ 584 നമ്പർ രസീത് പ്രകാരം ഈടാക്കിയ 1100 രൂപ 1-2-2021 ലാണ് ഒടുക്കിയത്.

രസീതുകൾ പരിശോധിച്ചതിൽ 8-03-21, 29-3-21 ലെ തുകകൾ, രസീത് നം-589,590 പ്രകാരം ഈടാക്കിയ 600 രൂപ പഞ്ചായത്തിൽ ഇനിയും ഒടുക്കിയിട്ടില്ലായെന്ന് കണ്ടു. റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 18-12-2021 ലെ 121040103566,67 രസീതുകൾ പ്രകാരം തുക പഞ്ചായത്തിൽ ഒടുക്കി.

പരിശോധനക്ക് ലഭ്യമാക്കിയ രസീത് ബുക്കിലെ 688 മുതൽ 691 വരെയുള്ള രസീതുകളിലായി വരവ് വന്ന 1900 രൂപ (6.10.21, 25.10.21, 29.10.21, 10.11.21 ദിവസങ്ങളിൽ ഈടാക്കിയ തുക) ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെ തുടർന്ന് 8-12-2021 ലെ 121040103568,69 രസീതുകൾ പ്രകാരം തുക പഞ്ചായത്തിൽ ഒടുക്കി. ഈ വാഹനത്തിന്റെ ഉപയോഗത്തിലും പരിപാലനത്തിലും (വരവിലും ചെലവിലും) ഗ്രാമപഞ്ചായത്ത് യാതൊരു സാമ്പത്തിക അച്ചടക്കവും പാലിക്കുന്നില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

വാഹനത്തിന്റെ ലോഗ് ബുക്ക്, പാലിയേറ്റീവ് കെയർ ജോലികൾക്കായി ഓടുന്ന ദൂരം, പൊതു ജനങ്ങൾക്കായി യൂസർ ഫീസ് ഈടാക്കി ഓടുന്ന ദൂരം എന്നിവ കൺട്രോളിംഗ് ഓഫീസർ നിരീക്ഷിക്കേണ്ടതാണ്. ഇന്ധനം സംബന്ധിക്കുന്ന സംക്ഷിപ്തം ഖണ്ഡിക നം-1-34 ൽ പ്രതിപാദിക്കും പ്രകാരം തയ്യാറാക്കി കൺട്രോളിംഗ് ഓഫീസർ ഒപ്പ് വക്കേണ്ടതാണ്. റിപ്പയറിംഗ് ജോലികൾക്കുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗത്തിന്റെ അംഗീകാരത്തോട് കൂടി മാത്രം ചെയ്യേണ്ടതാണ്. ആംബുലൻസിന്റെ യൂസർ ഫീസ് ഇന്ധന നിരക്കിന് ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണ്.

## <u>1-19 മരങ്ങൾ ലേലം ചെയ്യാതെ ജീർണ്ണിയ്ക്കുന്നു-പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം</u>

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ ലേല രജിസ്റ്ററും ലേല ഡയറിയും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1)**<u>മരങ്ങൾ ലേലം ചെയ്യാതെ ജീർണ്ണിക്കുന്നു</u>**

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ 5ാം വാർഡിലെ കണ്ണമംഗലം യു.പി സ്കൂളിലെ താഴെപ്പറയുന്ന മരങ്ങൾ ലേലം ചെയ്ത് കൊടുത്തതായി കാണുന്നില്ല.

1)പാല മരം

2) പ്ളാവ്

3)തേക്ക്(2)

4)ആഞ്ഞിലി

5)ഞാവൽ(2)

6)ബദാം

2018-19 വർഷവും ടി മരങ്ങൾ ലേലം ചെയ്തിരുന്നുവെങ്കിലും (11-01-2019 ലും 06-02-2019 ലും ലേലം ചെയ്തിരുന്നുവെങ്കിലും) ആരും ലേലം കൊണ്ടില്ല.തുടർന്ന് 2019-20 വർഷം ലേലം ചെയ്തിരുന്നുവെങ്കിലും ലേലത്തിൽ വിളിച്ച തുക വാല്യുവേഷൻ തുകയെക്കാൾ കുറവ് ആയതിനാൽ ആർക്കും ലേലം ഉറപ്പിച്ച് നൽകിയില്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഇവയുടെ വാല്യുവേഷൻ ലഭ്യമാക്കാൻ 15-12-21 ലെ ഓഡിറ്റ് എൻക്വയറി നം. 26 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന (27-02-2019ലെ ലേലത്തിൽ) വാല്യുവേഷൻ പ്രകാരം താഴെപ്പറയുന്ന രീതിയിലാണ് ഇവയുടെ വില നിർണ്ണയിച്ചിരിക്കുന്നത്

| ഇനം | ലേല രജിസ്റ്റർ പ്രകാരമുള്ള വാല്യുവേഷൻ തുക |
|---|---|
| പാല മരം | 23670 |
| പ്ളാവ് | 47750 |
| തേക്ക് | 231010 |
| തേക്ക് | 93297 |
| ആഞ്ഞിലി | 265 |
| ഞാവൽ | 579 |
| ഞാവൽ | 385 |
| ബദാം | 265 |
| ആകെതുക | 397221 |

ടി മരങ്ങൾ ലേലം ചെയ്ത് നൽകിയിരുന്നുവെങ്കിൽ 397221/-രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുമായിരുന്നു. എന്നാൽ നിലവിൽ ടി മരങ്ങൾ മഴയും വെയിലുമേറ്റ് ജീർണ്ണിച്ച് നശിക്കുകയാണ്. മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ മേൽ വൃക്ഷങ്ങളുടെ മൂല്യം 397191/-രൂപ ആയിട്ട് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ നിശ്ചയിച്ചിട്ടുള്ളതാണെന്നും, എന്നാൽ രണ്ട് പ്രാവശ്യം ലേലം ചെയ്തിട്ടും ലേലത്തിൽ ആരും പങ്കെടുത്തില്ല എന്നും തന്മൂലം വൃക്ഷങ്ങളുടെ വാല്യുവേഷൻ കുറച്ച് നൽകാൻ ഫോറസ്റ്റ് കൺസർവേറ്ററോട് അഭ്യർത്ഥിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. വ്യാപകമായി പരസ്യം നൽകി മേൽ വൃക്ഷങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുവാനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

2)**<u>എം.സി.എഫ് നിർമ്മിച്ച് നൽകിയിട്ടും പഞ്ചായത്തിന്റെ വിപണനകേന്ദ്രം എംസിഎഫായി തുടരുന്നു</u>**

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വലവട യിലെ കുടുംബശ്രീ വിപണനകേന്ദ്രം 5/11/19ലെ 1 (6) നം കമ്മിറ്റി തീരുമാന പ്രകാരം താൽക്കാലികമായി എംസിഎഫായി ഉപയോഗിയ്ക്കാൻ അനുവദിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കരിപ്പുഴ മാർക്കറ്റിൽ എം.സി.എഫിന്റെ പണി പൂർത്തീകരിച്ചിരിയ്ക്കുന്നതായി കണ്ടു. എം.സി.എഫ് പൂർത്തീകരിച്ചിട്ടും വിപണനകേന്ദ്രത്തിലെ സ്റ്റാളുകൾ ലേലം ചെയ്ത് നൽകിയിട്ടില്ല, വിപണന കേന്ദ്രം ലേലം ചെയ്ത് നൽകാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.26 നൽകിയ മറുപടിയിൽ അവസാന രണ്ട് വർഷങ്ങളിൽ സ്റ്റാളുകൾ ലേലം ചെയ്തിട്ട് ലേലത്തിലെടുക്കുന്നതിന് ആരും തയ്യാറാട്ടില്ലാത്തതിനാലും, ഗ്രാമപഞ്ചായത്തിൽ എംസിഎഫ് സ്ഥാപിയ്ക്കാൻ താമസം നേരിട്ടതിനാൽ താത്ക്കാലിക എം.സി.എഫായി വിപണകേന്ദ്രം ഉപയോഗിയ്ക്കാൻ കമ്മിറ്റി തീരുമാനിയ്ക്കുകയും അത് അങ്ങനെതന്നെ ഉപയോഗിച്ച് പോരുകയുമാണ്

ചെയ്യുന്നതെന്ന് അറിയിച്ചിട്ടുണ്ട്. വിപണന കേന്ദ്രത്തിലെ സ്റ്റാളുകൾ ലേലം ചെയ്ത് നൽകാത്തത് സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-19 ലും പരാമർശിച്ചിട്ടുള്ളതാണ്. എം.സി.എഫ് വിപണനകേന്ദ്രത്തിൽ നിന്നും അതിന് വേണ്ടി നിർമ്മിച്ച കരീപ്പുഴ മാർക്കറ്റിലെ ബിൽഡിംഗിലേയ്ക്ക് എത്രയും പെട്ടന്ന് മാറ്റിയ ശേഷം വിപണനകേന്ദ്രം ലേലം ചെയ്ത് നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-20 വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

20-21 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികളിൽ നീക്കം ചെയ്യപ്പെട്ടതും പുനരുപയോഗമുള്ളതുമായ സാധനങ്ങൾക്ക് താഴെ പറയും പ്രകാരം മൂല്യനിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിന് സർവ്വെ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. സർവ്വെ റിപ്പോർട്ടുകൾ പ്രകാരമുള്ള മൂല്യനിർണ്ണയങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | പേര് | നീക്കം ചെയ്യപ്പെട്ട സാധനങ്ങളുടെ വിവരം | സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള മൂല്യം |
|---|---|---|---|
| 162/20-21 | കൃഷി ഓഫീസ് മെയിന്റനൻസ് | GS Sheet | 2826 |
| 159/20-21 | തെക്കേക്കര നോർത്ത് ഗവ.എൽ.പി.എസ് | Door Panel | 6349 |
| 189/20-21 | ആഞ്ഞിലിപ്ര സ്കൂൾ മെയിന്റനൻസ് | MP Tiles | 7625 |
| 188/20-21 | പഴയ പഞ്ചായത്ത് ഓഫീസ് നവീകരണം | Sheet,Steelwork, Door,Window,Scrap Steel | 31558 |
| 242/20-21 | ടേക്ക് എ ബ്രേക്ക് | Sheet, Water Tank | 2485 |
| | | | 50843 |

ലേല നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, ഇതേ വരെയും ലേല നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിന്റെ കാരണം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(30/20-21) ലഭ്യമാക്കിയ മറുപടി താഴെ കൊടുക്കുന്നു.

1.കൃഷി ഓഫീസ് മെയിന്റനൻസിൽ ലഭിച്ച ഷീറ്റ് വിൽക്കുന്നതിന് നടത്തിയ ലേലത്തിൽ ആരും പങ്കെടുത്തില്ല

2.തെക്കേക്കര നോർത്ത് ഗവ.എൽ.പി.എസ് മെയിന്റനൻസ് , ആഞ്ഞിലിപ്ര സ്കൂൾ മെയിന്റനൻസ് എന്നിവയുടെ ഭാഗമായി ലഭിച്ച സാധനങ്ങൾ ലേലം ചെയ്തിട്ടുള്ളതാണ്

3.പഴയ പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ലഭ്യമായ ഷീറ്റും മറ്റ് സാമഗ്രികളും എഫ്.എച്ച്.സി യിൽ നിർമ്മിച്ച വെയിറ്റിംഗ് ഷെഡിനും ഗ്രാമപഞ്ചായത്ത് ഓഫീസിൽ മെമ്പർമാർക്കായി സ്ഥാപിച്ച വിശ്രമമുറിക്കും ഉപയോഗിച്ചിട്ടുള്ളതാണ്

4.ടേക്ക് എ ബ്രേക്ക് എന്ന പദ്ധതിയുടെ ഭാഗമായി നീക്കം ചെയ്യപ്പെട്ടവ പിന്നീട് ലേലം ചെയ്യുന്നതാണ്.

തെക്കേക്കര നോർത്ത് ഗവ.എൽ.പി.എസ് മെയിന്റനൻസ്, ആഞ്ഞിലിപ്ര സ്കൂൾ മെയിന്റനൻസ് എന്നിവയുടെ ഭാഗമായി ലഭിച്ച സാധനങ്ങൾ ലേലം ചെയ്തിട്ടുള്ളതാണെന്ന് മറുപടി തന്നിട്ടുണ്ടെങ്കിലും ലേല രജിസ്റ്റർ, ലേല ഫയൽ, തുക ഒടുക്കിയതിന്റെ വിവരം ഒന്നും തന്നെ ഹാജരാക്കിയില്ല. പഴയ പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ലഭ്യമായ ഷീറ്റും മറ്റ് സാമഗ്രികളും എഫ്.എച്ച്.സി യിൽ നിർമ്മിച്ച വെയിറ്റിംഗ് ഷെഡിനും ഗ്രാമപഞ്ചായത്ത് ഓഫീസിൽ മെമ്പർമാർക്കായി സ്ഥാപിച്ച വിശ്രമമുറിക്കും ഉപയോഗിച്ചിട്ടുള്ളതാണെന്ന മറുപടിയെ സാധൂകരിക്കുന്ന എം ബുക്ക് ഉൾപ്പെടെയുള്ള ഫയൽ ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ സാധനങ്ങൾ ലേലം ചെയ്യുന്നതിനായി സെക്രട്ടറിക്ക് കൈമാറിയതായാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾക്ക് കൈമാറിയ സാധനങ്ങൾ പുനരുപയോഗിച്ച എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുവാൻ കഴിയുന്നില്ല. 31558 രൂപ വരവ് നഷ്ടമായി വിലയിരുത്തുന്നു.

ലേല നടപടികൾ സ്വീകരിച്ചവയുടെ ലേല രജിസ്റ്റർ, ലേല ഫയൽ, തുക ഒടുക്കിയതിന്റെ വിവരം എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതും ടേക്ക് എ ബ്രേക്ക് എന്ന പദ്ധതിയുടെ ഭാഗമായി നീക്കം ചെയ്യപ്പെട്ട വസ്തുക്കളുടെ ലേലം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2020-21 വർഷങ്ങളിൽ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 82634 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. 2015-16 വർഷം മുതൽ 2019-2020 വർഷം വരെ ഇപ്രകാരം ഒടുക്കിയ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.(4/20-21)

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|---|
| 2015-16 | 21 | 89745 |
| 2016-17 | 18 | 118005 |
| 2017-18 | 13 | 30300 |
| 2018-19 | 19 | 87248 |
| 2019-20 | 14 | 69927 |
| 2020-21 | 19 | 82634 |
| | | 477859 |

**തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. നിലവിൽ എസ്.ബി.ഐ ബാങ്ക്, ചെട്ടികുളങ്ങര ശാഖയിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചതായും മാപ്പിംഗ് നടപടികൾ പൂർത്തീയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.**

2019-20, 2020-21 സാമ്പത്തിക വർഷത്തെ തുകകൾ പഞ്ചായത്തിന് ലഭിക്കുന്നതിനായി 10.11.2021ൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്തിന്റെ പകർപ്പ് ഓഡിറ്റിൽ മറുപടിയോടൊപ്പം തന്നിരുന്നു. ഇപ്രകാരം നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 സാമൂഹ്യ പെൻഷൻ അപാകതകൾ സംബന്ധിച്ച്

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ ചെട്ടികുളങ്ങര പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.

| ക്രമ നം | പെൻഷൻ ഐഡി നം | പെൻഷൻ തരം | ഗുണഭോക്താവിന്റെ പേര് | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 104830200060 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | വേലായുധൻ പിള്ള | 22/01/2019 | 2/2019 മുതൽ 07/2019 വരെ | 9000 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും പെൻഷൻ 2/2019 മുതൽ 07/2019 വരെ നൽകിയതായി സേവനയിൽ കാണിച്ചിട്ടുണ്ട് |
| 2 | 104830200016 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | നരസിംഹമല്ലൻ | ലഭ്യമല്ല | 05/19 മുതൽ 11 /21 വരെ തുക | 47300 | സേവന പെൻഷനിൽ Deceased ആയി കാണിച്ചിട്ടുണ്ടെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല. |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ നല്കുന്നുണ്ട് ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനായി മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കുന്ന നടപടികൾ സംബന്ധിച്ച് ധനവകുപ്പ് സ.ഉ (എം.എസ്) നം.-97/2020 തീയതി 23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളൊന്നും പഞ്ചായത്തിൽ പാലിയ്ക്കപ്പെടുന്നില്ല. . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ മരണം ചെട്ടികുളങ്ങര പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യപെൻഷനുകളും പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ നഷ്ടം എത്രയാണെന്ന് നിജപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .പഞ്ചായത്ത് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-23 ഗ്രമപഞ്ചായത്തിലെ തെരുവിളക്കുകളുടെ ബില്ലിംഗ്- കെ.എസ് .ഇ.ബി വാസ്തവവിരുദ്ധമായ

**കണക്കുകളെ ആധാരമാക്കി -ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപ നഷ്ടമാകുന്നു.**

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുത ബിൽ അടക്കുന്നതിലേക്കായി 2020-21 വർഷം ആകെ 26,59,253രൂപ ചെലവഴിച്ചു. (RP-13പട്ടിക / ഹെഡ് കോഡ്-230100101). തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി പഞ്ചായത്ത് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. (കൺസ്യൂമർ നം-1155232001803. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി (കൺസ്യൂമർ നം-1155232001803) ബില്ലിലെ *കണക്ടഡ് ലോഡ് (113326 Watts)* നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന് കെ.എസ്സ്.ഇ.ബി തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ കണക്കിൽ 772 സാധാരണ ബൾബുകളും 908 ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 20-21 ലെ വാർഷിക പ്രോജക്റ്റിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്റ്റിലും 9W LED ബൽബുകളാണ് വാങ്ങി സ്ഥാപിച്ചത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകളൊന്നും തന്നെയില്ലയെന്നത് വ്യക്തമാണ്. സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ തരത്തിലുള്ള കെ.എസ്.ഇ.ബിയുടെ ബില്ലിംഗ് നടത്തുന്നതിനും ആയത് ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

| ക്രമ നം | സ്ട്രീറ്റ് ലൈറ്റിന്റെ തരം | | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|---|
| **1** | **LED 1x20** | | **240** | **20** | **4800** |
| 2 | CFL: Automatic On /Off - 2x11 | | 704 | 22 | 15488 |
| 3 | Sodium Vapour Lamp 1x250 | | 42 | 250 | 10500 |
| 4 | Fluorescent Tube- 2 X40 | | 273 | 80 | 21840 |
| 5 | LED 1x12 | | 36 | 12 | 432 |
| 6 | CFL: Automatic On /Off - 1x72 | | 14 | 72 | 1008 |
| 7 | CFL: Automatic On /Off - 1x11 | | 78 | 11 | 858 |
| 8 | Fluorescent Tube- 1 X40 | | 635 | 40 | 25400 |
| 9 | Ordinary - 1x40 | ആകെ ഇൻകാൻഡസെന്റ് ബൾബുകൾ- 773 | 671 | 40 | 26840 |
| 10 | Ordinary - 1x60 | | 101 | 60 | 6060 |
| 11 | Ordinary - 1x100 | | 1 | 100 | 100 |
| ആകെ | | | 2795 | | 113326 |


നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറുകയും പുതിയതായി സ്ഥാപിക്കുന്ന വൈദ്യുതവിളക്കുകളിൽ ഊർജ്ജ ഉപഭോഗം കുറഞ്ഞ *വൈദ്യുതിവിളക്കുകൾ* മാത്രം ഉൾപ്പെടുത്തുകയും ചെയ്തിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്ടഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ് ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ് , സി.എഫ്.എൽ, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ് ഗ്രാമപഞ്ചായത്തിനുള്ളത്.

തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).

| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|

| | | |
|---|---|---|
| Ordinary | 40 W | 159 |
| Ordinary | 60 W | 252 |
| Ordinary | 100 W | 406 |
| F.Tube | 2x 40 W | 326 |
| CFL | 11 W | 33 |
| LED | 12 W | 17 |
| LED | 20 W | 28 |
| LED | 24 W | 41 |
| LED | 12W | 17 |

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 40 Watts സാധാരണ ഇൻകാൻഡസെന്റ് ബൾബും 12 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം ചുവടെ ചേർക്കുന്നു.




60 W ഇൻകാൻഡസെന്റ് തെരുവ് വിളക്കിന്റെ പ്രതിമാസ നിരക്ക് 252 രൂപയാണെന്നും ഗ്രാമപഞ്ചായത്ത് 19-20 20-21 വർഷങ്ങളിൽ സ്ഥാപിച്ചത് 9 W LED വിളക്കുകളാണെന്നും പ്രത്യേകം പരാമർശിക്കുന്നു. കെ.എസ്.ഇ.ബി ഈടാക്കുന്നത് അവ്യക്തവും അയഥാർത്ഥവുമായ നിരക്കുകളാണെന്ന കാര്യം വ്യക്തമാണ്.

ഒരു സാധാരണ ബൾബു (Ordinary Incandescent Bulb) പോലും ഗ്രാമപഞ്ചായത്തിലില്ല എന്നിരിക്കെ 773 സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ പഞ്ചായത്ത് പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാക്കുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-24 തെരുവ് വിളക്ക് മെയിന്റനൻസ്-കരാറുകാരൻ പരിപാലനം നടത്തിയ തെരുവ് വിളക്കുകളുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകി

തെരുവ് വിളക്കുകളുടെ എണ്ണം, തരം, തെരുവ് വിളക്കുകളുള്ള പോസ്റ്റുകളുടെ എണ്ണം എന്നിവ സംബന്ധിക്കുന്ന രേഖകൾ

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. എന്നാൽ ആകെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പ്രോജക്റ്റ് ആവിഷ്കരിച്ച് പൂർത്തീകരണത്തിന്റെ ശതമാനം അടിസ്ഥാനമാക്കി തുക നൽകുന്നതിന് പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നു. ആകെ തെരുവ് വിളക്കുകളുടെ എണ്ണം ലഭ്യമല്ലാത്ത ഗ്രാമപഞ്ചായത്ത് പരാതി രജിസ്റ്റർ അടിസ്ഥാന രേഖയാക്കി, ഇതിൽ പരാതി രേഖപ്പെടുത്തുന്നതിന്റെ പരിഹാര നടപടിയായിരുന്ന ജോലി പൂർത്തീകരണത്തിന്റെ അളവിനായി സ്വീകരിച്ചിരുന്നത്. എന്നാൽ പരാതി പുസ്തകത്തിൽ ഇത് സംബന്ധിക്കുന്ന വിവരങ്ങളില്ലാത്തതും തങ്ങളുടെ വാർഡിലെ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് എല്ലാ വാർഡ് മെമ്പർമാരും പൂർത്തീകരണ സാക്ഷ്യപത്രം നൽകാത്തതും പദ്ധതി സുതാര്യമല്ലാതെയാകുന്നതിന് കാരണമായി.

103/20 പ്രകാരം നടപ്പിലാക്കിയ പ്രോജക്റ്റിന്റെ അടങ്കൽ ആദ്യം നിശ്ചയിച്ച 600000 ലക്ഷത്തിൽ നിന്നും 900000 ലക്ഷമായി ഉയർത്തുകയും റീ ടെണ്ടർ ചെയ്ത് സെന്റ് ജോർജ് എൻജിനീയറിംഗ് വർക്സിന്റെ സിംഗിൾ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഒരു തെരുവ് വിളക്ക് പരിപാലിക്കുന്നതിന് വേണ്ട ചെലവ് ആയിട്ടല്ല ടെണ്ടറിൽ പങ്കെടുത്ത വ്യക്തി ക്വോട്ട് ചെയ്തത്. 875000 രൂപക്കാണ് പ്രവർത്തി ഏറ്റെടുത്തത്. പ്രോജക്റ്റ് നം-155/20-21 ആയി പ്രോജക്റ്റ് സ്പിൽ ഓവറായി നടപ്പാക്കുകയും 612500 രൂപ ചെലവാക്കുകയും ചെയ്തു. കൂടാതെ ഇതേ വ്യക്തിക്കു തന്നെ മറ്റൊരു പ്രോജക്റ്റ് പ്രകാരം 262500 രൂപയും നൽകി (പ്രോ.നം-240/തനത് ഫണ്ട്) . ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ തുക ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരം തുക നൽകുന്നതെന്ന് ആദ്യപ്രോജക്റ്റിന്റെ ഫയലിൽ രേഖപ്പെടുത്തുകയും തുക പിന്നീട് റീക്കുപ്പ് ചെയ്യുമെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല.

പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതും കരാറുകാരൻ സമർപ്പിച്ചതുമായ പർച്ചേസ് ഇൻവോയിസ് 2606 9W LED ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

അടങ്കൽ തുക ഭേദഗതി ചെയ്തിട്ടും ടെണ്ടറിലെ സിംഗിൾ ടെണ്ടർ അംഗീകരിക്കുകയാണുണ്ടായത്. അടങ്കൽ തുക 9 ലക്ഷമായി ഭേദഗതി ചെയ്തതിന് തെരുവ് വിളക്കുകളുടെ എണ്ണം അടിസ്ഥാനമാക്കിയല്ല. മറിച്ച് ഏകദേശ കണക്കിനെ മാത്രം ആധാരമാക്കിയാണ്. അടങ്കൽ വർദ്ധിപ്പിച്ച ശേഷമുള്ള ആദ്യ ടെണ്ടർ റീ ടെണ്ടർ എന്നു വ്യാഖ്യാനിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

കരാറുകാരൻ സമർപ്പിച്ച ടെണ്ടറിൽ ഒരു വിളക്കിന്റെ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ തെരുവ് വിളക്കുകളുടെ കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഓരോ വിളക്കിനുമുള്ള പരിപാലനതുക ക്വോട്ട് ചെയ്യണമെന്ന് കാണിച്ച് ടെണ്ടർ ക്ഷണിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പരാതിയുടെ അടിസ്ഥാനത്തിൽ റിപ്പയർ ചെയ്തവയുടെ ശതമാനം കരാറുകാരൻ റിപ്പോർട്ട് ചെയ്തതടിസ്ഥാനമാക്കി പേയ്മെന്റ് നൽകുകയാണ് ചെയ്തത്. കരാറുകാരന്റെ റിപ്പോർട്ടിനെ സാധൂകരിക്കുന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം കേവലം 3 വാർഡുകളിൽ നിന്ന് മാത്രമാണ് ലഭ്യമാക്കി സൂക്ഷിച്ചിട്ടുള്ളത്. ഒന്നാം വാർഡ് മെമ്പർ മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചെന്നും 11,12 വാർഡ് മെമ്പർമാർ യഥാക്രമം 54,44 എൽ.ഇ.ഡി ബൾബുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നുമുള്ള സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

കരാറുകാരന് ഒരു വിളക്കിന്റെ മെയിന്റനൻസിന് നൽകുന്ന തുകയെത്രയെന്ന് വ്യക്തമാക്കിയിട്ടില്ലാത്ത കരാറിൽ പരാതി രജിസ്റ്റർ അടിസ്ഥാനമാക്കിയിട്ടുള്ള പരാതി പരിഹാരമാണ് ഉദ്ദേശിച്ചിരുന്നത്. കരാർ പ്രകാരം 31-12-2020 വരെയായിരുന്നു കാലയളവ്. മൂന്നു വാർഡുകളിൽ നിന്നുള്ള മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചുള്ളത്. പദ്ധതിപൂർത്തീകരണത്തിന്റെ ശതമാനം എപ്രകാരമാണ് ഗ്രാമപഞ്ചായത്ത് കണക്കിലാക്കിയതെന്ന് വ്യക്തമല്ല. വൈദ്യുതി ബോർഡിന്റെ കണക്ക് പ്രകാരം 2795 തെരുവ് വിളക്കുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഇതിൽ 908 എണ്ണം ഫ്ലൂറസെന്റ് ട്യൂബുകളും 42 സോഡിയം വേപ്പർവിളക്കുകളുമാണ്. 2606, 9w LED വിളക്കുകൾ പഞ്ചായത്തിന് വേണ്ടി കരാറുകാരൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ടെന്നുള്ള രീതിയിലാണ് ഇൻവോയിസ്സുകൾ സൂക്ഷിച്ചിട്ടുള്ളത്. ഓരോ ഇനം തെരുവ് വിളക്കിന്റെയും മെയിന്റനൻസിനുള്ള തുക ഉൾപ്പെടുത്തുന്ന രീതിയിൽ ടെണ്ടർ സമർപ്പിക്കണമെന്ന നിർദ്ദേശം ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്താതിരിക്കുക വഴി ചെയ്ത പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തുക അസാധ്യമായി തീർന്നു. ഇത് പദ്ധതിയുടെ ചെലവ് ഓഡിറ്റിന് വിധേയമാക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്. തെരുവ് വിളക്കുകളുടെ എണ്ണമോ തരമോ സംബന്ധിച്ച കണക്കുകൾ പഞ്ചായത്തിന്റെ പക്കലില്ല.

പരാതി രജിസ്റ്റർ: പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് അറ്റകുറ്റപണികൾ നടത്തേണ്ടതെന്നത് കരാറിലെ വ്യവസ്ഥയാണെന്നിരിക്കെ , ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ കുറെ സ്ട്രീറ്റ് ലൈൻ പോസ്റ്റുകളുടെയും വഴിവിളക്കിന്റെയും തരം വാർഡ് അടിസ്ഥാനത്തിൽ എഴുതിയിരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. പല വാർഡുകളിലെയും വൈദ്യുതി വിളക്കുള്ള പോസ്റ്റിന്റെ എണ്ണം 50 എണ്ണത്തിൽ താഴെയാണ്. (ഉദാ- വാർഡ് 17). പരാതികളോ പരാതി ലഭിച്ച തീയതിയോ പരാതി എന്ന് പരിഹരിച്ചെന്നോ സംബന്ധിക്കുന്ന വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

തെരുവ് വിളക്കുകളുടെ എണ്ണം ,തരം എന്നിവ സംയുക്തപരിശോധനയിലൂടെ കൃത്യമാക്കി മാത്രം പ്രോജക്റ്റ് നടപ്പിലാക്കുക. ഓരോ തരം തെരുവ് വിളക്കിനുമുള്ള പരിപാലന ചെലവ് ലഭ്യമാക്കണമെന്ന വ്യവസ്ഥ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുക

**1-25 ആർദ്രം -പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രമാക്കൽ നമ്പർ 107/20 – പൂർത്തീകരിച്ച ജോലികളുടെ വിവരങ്ങളില്ല- 4450000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

19-20 വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവ്വഹിച്ച പി എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രമാക്കൽ പദ്ധതിയുടെ അടങ്കൽ , ചെലവ് എന്നിവ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് | 2660267 | 2450000 | 32/19-20<br>25-03-2020 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2000000 | 2000000 | 31/19-20<br>25-03-2020 |
| തനത് ഫണ്ട് | 139733 | 0 | |
| ആകെ | 4800000 | 4450000 | |

അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് NHM (ദേശീയ ആരോഗ്യ ദൌത്യം) KEL(കേരള ഇലക്ട്രിക്കൽ ലിമിറ്റഡ്) മുഖേന നടപ്പാക്കുന്ന പ്രവർത്തികൾക്ക് 5800000 രൂപയുടെ DPR ആണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ഗ്രാമപഞ്ചായത്തിന്റെയും ജില്ലാപഞ്ചായത്തിന്റെയും വിഹിതമായ 4800000 രൂപയാണ് സെക്രട്ടറി ദേശീയ ആരോഗ്യ ദൌത്യം ജില്ലാ പ്രോഗ്രാം മാനേജർക്ക് കൈമാറുന്നതിന് നിർദ്ദേശിച്ചിരുന്നത്. (ആലപ്പുഴ ICICI അക്കൌണ്ട് നം-060601001089). രണ്ട് ഘട്ടങ്ങളിലായുള്ള ജോലികൾക്കാണ് DPR തയ്യാറാക്കിയിരുന്നത്. ഒന്നാം ഘട്ടത്തിലെ എസ്റ്റിമേറ്റ് തുക 1550205 രൂപയും രണ്ടാം ഘട്ടത്തിലേത് 3662275 രൂപയുടെതുമാണ് എസ്റ്റിമേറ്റ്.

പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം **NHM** ജില്ലാ മിഷൻ ഹാജരാക്കിയിട്ടില്ല. **DPR** പ്രകാരമുള്ള മുഴുവൻ ജോലികളും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. **58** ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ എത്ര ജോലികൾ പൂർത്തീകരിച്ചു എന്നുള്ള വിവരങ്ങൾ**,** ജില്ലാമിഷന്റെ പക്കൽ അവശേഷിക്കുന്ന പ്രോജക്റ്റ് സേവിംഗ്സ് സംബന്ധിക്കുന്ന വിവരങ്ങൾ**,** ഫർണ്ണിച്ചർ വാങ്ങുന്നതിനായി എസ്റ്റിമേറ്റിന് പുറമെ **5.5** രൂപ ജില്ലാമിഷൻ ചെലവ് ചെയ്തിരുന്നോ എന്നിവയൊന്നും പ്രോജക്റ്റ് ഫയലിൽ ലഭ്യമായിരുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (36/18.12.21) മറുപടിയിൽ സ്ഥാപനം കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണെന്നും വിനിയോഗ വിവരങ്ങൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. **DPR** പ്രകാരമുള്ള എല്ലാ ജോലികളും **KEL** പൂർത്തീകരിച്ചു എന്ന സാക്ഷ്യപത്രം **NHM** ജില്ലാം പ്രോഗ്രാം മാനേജറിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്**.4450000** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് അസറ്റ് മാപ്പിംഗ്-പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതാണ്**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ ആരംഭിച്ച **ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് അസറ്റ് മാപ്പിംഗ് എന്ന പ്രോജക്റ്റിൽ** പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾ, പുറമ്പോക്കുകൾ, റോഡുകൾ, തോടുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവ ഡിജിറ്റലൈസ് ചെയ്യുകയായിരുന്നു ലക്ഷ്യം. IPMS എന്ന ഇന്റഗ്രേറ്റഡ് പ്രോപ്പർട്ടി മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുക വഴി ഗ്രമപരിധിയിലെ കെട്ടിടങ്ങളുടെ വിസ്തൃതി ഗ്രാമപഞ്ചായത്തിന് നേരിട്ട്പോയി പരിശോധിക്കാതെ തന്നെ വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ ലഭ്യമാക്കി അതുവഴി കെട്ടിടങ്ങളുടെ തറവിസ്തൃതിയിൽ ഉടമ അനുവാദമില്ലാതെ വരുത്തിയ മാറ്റങ്ങൾ കണ്ടെത്തുക,നികുതി

പുനനിർണ്ണയിച്ച ഡിമാൻഡ് ചെയ്യുക , അനധികൃതമായുള്ള കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടിന്റെ ആകെ ചെലവ് നികുതികൾ സഹിതം 3074186.5 രൂപയാണ് .ഈ പദ്ധതിക്കായി 19-20 വർഷം മുൻകൂറായി 614837 രൂപ നൽകി. വാർഷിക കണക്കുകൾ പ്രകാരം ഈ തുക നിലവിലും അഡ്വാൻസായി തുടരുകയാണ്. തുടർന്ന് സ്പിൽ ഓവറായി തുടരാതെ ഇതേ ആവശ്യത്തിനായി മറ്റൊരു പ്രോജക്ട് 20-21 ൽ ഏറ്റെടുത്തു. (പ്രോ.നം- 241/21 അടങ്കൽ -2000000).തുടർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സോസൈറ്റിയുടെ താഴെ പറയുന്ന ബില്ലുകൾ പ്രകാരം തുക നൽകി.

| ക്രമ നം | ഇൻവോയിസ് നം. | തീയതി | ഇനം | ബിൽ തുക | നൽകിയ തുക |
|---|---|---|---|---|---|
| 1 | ULC 56 | 10-09-20 | ബേസ് മാപ്പ് | 168917 | |
| 2 | ULC 56 | 10-09-20 | ഡ്രോൺ സർവേ | 482620 | |
| 3 | ULC55 | 10-09-20 | ഡേറ്റാ ഇന്റഗ്രേഷൻ റിപ്പോർട്ട് മാപ്പിംഗ് ആൻഡ് ജനറേഷൻ | 590000 | 590000 |
| 4 | ULC 85 | 06-11-2020 | ഹൌസ് ഹോൾഡ് സർവേ | 454300 | 454300 |
| 5 | ULC 86 | 06-11-2020 | ഹൌസ് ഹോൾഡ് സർവേ | 454300 | 454300 |
| 6 | ULC125 | 03-12-2020 | ഹൌസ് ഹോൾഡ് സർവേ | 454300 | |
| 7 | ULC126 | 03-12-2020 | ഹൌസ് ഹോൾഡ് സർവേ | 443916 | 443916 |

ആകെ -30,48,353 രൂപയുടെ ബില്ലുകൾ സ്ഥാപനം ഹാജരാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയും നൽകിയതായുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ക്രമ നം-1,2,6 എന്നിവ നൽകിയിട്ടില്ല. )മുൻകൂർ നൽകിയ 614837 രൂപ കുറച്ചാൽ 491000 രൂപ ഇനി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുവാനുണ്ട്.

സർവ്വെയുടെ ഫലങ്ങൾ വെബ് ബേസ്ഡ് ആയിട്ടാണ് ലഭ്യമാക്കിയിരിക്കുന്നത്. ഇതിനായി യൂസർ ഐഡിയും പാസ്സ് വേഡും സ്ഥാപനം നൽകിയിട്ടുണ്ട്.എന്നാൽ IPMS നടപ്പിലാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് തുടർ പരിശോധനകളിൽ കൂടി മാത്രമാണ് വിലയിരുത്താനാകുക.

ജി.ഐ.എസ് മാപ്പിംഗിന് IKM സൂപ്പർവിഷൻ ലഭിച്ചിരുന്നോയെന്നും IKM ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിലാണോ ജി.ഐ.എസ് മാപ്പിംഗ് നടത്തി വെബ് സേവനം ലഭ്യമാക്കിയതെന്നുള്ള വിവരങ്ങൾ ലഭ്യമായില്ല.

പ്രോപ്പർട്ടി അസസ്മെന്റിന് മാപ്പിംഗ് ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തപ്പെടാത്ത കെട്ടിടങ്ങളെയോ കെട്ടിട ഭാഗങ്ങളെയോ കണ്ടെത്തി അധികമായി വസ്തുനികുതി വരുമാനത്തിന്റെ ഡിമാൻഡ് ഉയർത്താനായാൽ മാത്രമെ പദ്ധതി പൂർണ്ണ ലക്ഷ്യത്തിലെത്തുകയുള്ളൂ

പദ്ധതിയുടെ ഭാഗമായി സോഷ്യോളജിക്കൽ ഡേറ്റാ മാപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ ഭാവിയിലെ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഇത് എപ്രകാരം ഉപയോഗപ്പെടുത്താമെന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ

ശ്രദ്ധനൽകേണ്ടതുണ്ട്.

പദ്ധതിയുടെ തുടർ നിരീക്ഷണം എപ്രകാരമാണ് എന്നുള്ള കാര്യങ്ങൾ, പദ്ധതി മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ നേട്ടങ്ങൾ എന്നിവ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ പേയ്മെന്റിന്റെ പൂർണ്ണ വിവരങ്ങളും ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി തുക കൈപ്പറ്റിയ വിവരങ്ങളും പദ്ധതിയുടെ കംപ്ലീഷൻ സംബന്ധിക്കുന്ന വിവരങ്ങളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 മെറ്റീരിയൽ കളക്ഷൻ സെന്റർ - ആസൂത്രണത്തിലെ അപാകത

19-20 ൽ ആരംഭിച്ച് 20-21 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണിത്.

| | |
|---|---|
| എസ്റ്റിമേറ്റ് | 376000 |
| കരാർ നം | 29/AE/21.12.19 |
| കരാറുകാരൻ | സുനന്ദ്.എം |
| എഗ്രീഡ്. പി.എ.സി | 367313,എസ്റ്റിമേറ്റ് നിരക്ക് |
| ആകെ മൂല്യം | 367313 |
| തുക | 367313,1183496,497/12.08.20 |
| എം ബുക്ക് നം | 211/19-20 |

<u>മാതൃകാ പ്ലാനിനെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല</u>

12.02.19 ലെ സ.ഉ(സാധാ)നം.306/2019നം ഉത്തരവ് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിന് മാതൃകാ ഡിസൈനും എസ്റ്റിമേറ്റും അംഗീകരിച്ചിരുന്നു. ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളുടെ തരംതിരിവിനും മെഷിനറികൾ സ്ഥാപിക്കുന്നതിനും കഴിയുന്ന തരത്തിലാണ് മാതൃകാ പ്ലാൻ തയ്യാറാക്കിയിരുന്നത്. ഇലക്ട്രിഫിക്കേഷൻ, സാനിറ്ററി ഫിറ്റിംഗ്സ്, ബാത്ത് റും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയാവണം എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ. ഈ പറയുന്ന സൗകര്യങ്ങളൊന്നും ഈ കെട്ടിടത്തിൽ ചെയ്തിട്ടില്ല.

സ്ഥലപരിശോധന നടത്തിയതിൽ കരിപ്പുഴ മാർക്കറ്റിലാണ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഒരു ഷെഡ് നിർമ്മിച്ചു എന്നതല്ലാതെ എം.സി.എഫ് പ്രവർത്തിക്കാനുതകുന്ന രീതിയിൽ യാതൊരു സൗകര്യവും ആ കെട്ടിടത്തിൽ ചെയ്തിട്ടില്ല എന്ന് കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, അനുബന്ധ സൗകര്യങ്ങൾക്കായി തുടർ വർഷം പദ്ധതി ആവിഷ്കരിച്ചുവെങ്കിലും ശുചിത്വ മിഷൻ അധികൃതർ ടി കെട്ടിടം അനുയോജ്യമല്ല എന്നറിയിച്ചതിനെ തുടർന്നാണ് തുടർപ്രവർത്തനങ്ങൾ നടത്താതിരുന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ശുചിത്വ മിഷന്റെ അഭിപ്രായം പരിഗണിച്ച് ടി കെട്ടിടം മിനി എം.സി.എഫ് ആയി പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചതായി സെക്രട്ടറിയും മറുപടി നൽകി.

നിലവിലും വലവട വിപണന കേന്ദ്രമാണ് എം.സി.എഫ് ആയി ഉപയോഗിച്ചുവരുന്നത്. ടി കെട്ടിടത്തിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. മെറ്റീരിയൽ കളക്ഷൻ സെന്ററിനായി നിർമ്മിച്ച കെട്ടിടത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.

## 1-28 തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനക്ഷമമായിട്ടില്ല.

ചെട്ടികുളങ്ങര പഞ്ചായത്തിലെ പി.എച്ച്.സി കോമ്പൗണ്ട്, ഗവ യു.പി.എസ്, കണ്ണമംഗലം, ഗവ യു.പി.എസ്, കണ്ണമംഗലം തെക്ക് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 2 ബിന്നുകൾ വീതം അടങ്ങുന്ന യൂണിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രോജക്റ്റ് നം. | 176/19-20, 187/20-21 |
| എസ്റ്റിമേറ്റ് | 800000 |
| കരാർ നം | 34/AE/27.02.20 |
| കരാറുകാരൻ | IRTC |
| ആകെ മൂല്യം | 571792.63 |
| | |

| | |
|---|---|
| തുക | 160000/-2857846,847/11.03.20 |
| | 415793 |
| എം ബുക്ക് നം | 55,56,57,60/19-20 |

| | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| 176/19-20 | 800000 | 160000 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| 147/19-20(Spill Over) | 824000 | - | |
| 187/20-21 | 640000 | 415793 | |

കയർ പിത്ത് ഇനോക്കുലം 1000kg@15 = 15000 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ട് ഒഴിവാക്കിയിരിക്കുന്നു.

എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം 3/21 ൽ പൂർത്തീകരിച്ചുവെങ്കിലും ഇതേ വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(32/20-21), ഇനോക്കുലം നിർമ്മാണ പ്രവൃത്തിയല്ല എന്നതിനാലാണ് എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയതെന്നും ഇത് കൂടാതെ പഞ്ചായത്ത് ഓഫീസ്, പി.എച്ച്.സി കൊമ്പൗണ്ടിന് പിറക് വശം, ആഞ്ഞിലിപ്ര സ്കൂൾ എന്നിവിടങ്ങളിലായി 3 യൂണിറ്റുകൾ കൂടി പഞ്ചായത്ത് പ്രദേശത്ത് നിലവിൽ സ്ഥാപിച്ചിട്ടുണ്ടെന്നും തുടർനടത്തിപ്പിന് ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശം നൽകിയതായും മറുപടി നൽകി. 6 യൂണിറ്റുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയ്ക്ക് വേണ്ടി മരുന്നുകളും ഉപകരണങ്ങളും വാങ്ങാൻ ആകെ 1,20,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 5582/20-02-21,പി.ആർ.എഫ് 5583/20-02-2021 പ്രകാരം അടവാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 109/20=21 |
| പ്രോജക്റ്റ് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 3,50,000(തനത്ഫണ്ട് ) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 5582/20-02-21,,-60000/-<br>പി.ആർ.എഫ് 5583/20-02-21,,-60000/-/- |
| ചെലവ് | 1,20,000/-<br>ബിൽ നമ്പർ05/20-21-/15-03-21 |

ടി തുക പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്.എന്നാൽ ഇതു വരെയും മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല ഇവ ലഭ്യമാക്കാത്തത് സംബന്ധിച്ച് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/08-12-21 ന് നൽകിയ മറുപടിയിൽ മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കെ എം സി എല്ലിന് കത്തയച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നത് വരെ ഇതിന് വേണ്ടി ചെലവഴിച്ച120000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-30 പാലിയേറ്റീവ് കെയർ -സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നില്ല

സർക്കാർ പാലിയേറ്റീവ് പരിചരണ നയം (Pain And Palliative Care Policy Of Kerala) (സ.ഉ.(പി)നം.109/2008/ ആ.ക.ക്ഷേ.വ തീയതി 15.04.2008) ആയതിനായുള്ള മാർഗ്ഗരേഖ 2009 -പ്രകാരവും 07-03-2019 -ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരവും പാലിയേറ്റീവ് പരിചരണത്തിൽ പാലിയ്ക്കേണ്ട നടപടികൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണത്തിന്റെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ടി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല

1)വാർഡ് /സബ്സെന്റർ തല പ്രവർത്തനങ്ങൾ

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാവർക്കർമാരുടേയും മറ്റ് സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല. സബ്ബ് സെന്റർ തലത്തിലും യോഗങ്ങൾ ചേരുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

2 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷത്തിൽ മൂന്ന് പ്രാവശ്യം മാത്രമാണ് (03-05-2019,29-08-2019,23-12-2019) ൽ മാത്രമാണ് പി,എം.സി കൂടിയിട്ടുള്ളത്. ഇതിന് ശേഷം പി.എം,സി കൂടിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3 ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന് സ.ഉ(സാധാ)519/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം അവലോകന യോഗങ്ങൾ കൂടിയതായി കാണുന്നില്ല.

വിഭവ സമാഹരണം

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രശീതി തയ്യാറാക്കുകയോ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ ചെയ്തിട്ടില്ല.

6. മോണിട്ടറിംഗ്

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ചചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട് ആയത് പാലിക്കപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/20-21 ന് നൽകിയ മറുപടിയിൽ ടി ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. വാർഡ്തല പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും, കൊറോണയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുണ്ടായിരുന്നതിനാലാണ് പിഎംസി കൂടാതിരുന്നതെന്നും,അടിയന്തിരമായി പിഎംസി കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം നേടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശാനുസരണം മെച്ചപ്പെടുത്താനുള്ള നടപടികൾ, സ്വീകരിക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതി- വോയിഡ് കുറവ് വരുത്താതെ അധിക ചെലവ്

CPWD സ്പെസിഫിക്കേഷനിൽ (1.27.2.3 ) എസ്റ്റിമേറ്റ് തയ്യാറാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ മെറ്റൽ സ്റ്റാക്ക് ചെയ്തതിൽ മിനിമം 7.5% കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. സ്റ്റാക്ക് മെഷർ ചെയ്ത ശേഷം എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തുന്നതായാണ് എം-

ബുക്കിൽ (Premeasurement) എല്ലായ്പ്പോഴും രേഖപ്പെടുത്തുന്നതെന്ന് കാണുന്നു. ഇപ്രകാരം പരിമിതപ്പെടുത്തിയ അളവ് പോലും വോയിഡ് കുറച്ചാൽ ലഭിക്കുന്ന അളവിലും കൂടിയതായി കണ്ടിട്ടുള്ള പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് / എം-ബുക്ക് | കരാറുകാരൻ ലഭ്യമാക്കിയ 40mm മെറ്റലിന്റെ അളവ് $M^3$ | ലിമിറ്റ് ചെയ്ത് അനുവദിച്ചത് M3 | അനുവദിച്ച തുക (2250/$M^3$) | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദ നീയമായ തുക 2250/$M^3$ | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | വാർഡ് 19- പ്രതിഭാ മുക്ക് മുതൽ കാരാവള്ളിൽ മുക്ക് വരെ റോഡ് കോൺക്രീറ്റിംഗ് 58/20-21 | 19.50 | 18.85 | 42412 | 18.03 | 40585 | 1827 |
| 2 | വാർഡ് 11 വിളയത്ത് റോഡ് കോൺക്രീറ്റിംഗ് 936/17-18 | **23.25** | **22.99** | 51727.5 | 21.51 | 48397.5 | 3330 |
| 3 | വാർഡ്6 വഴപ്പില്ലേത്ത് ഹെൽത്ത് സെന്റർ റോഡ് 139/18-19 | **24.75** | **23.08** | 51930 | 22.8 | 51300 | 630 |
| 4 | വാർഡ്1 ആറ്റുകടവ് പുഞ്ച വരെ റോഡ് 140/19-20 | **19.5** | **18.09** | 40703 | 18.03 | 40568 | 135 |
| 5 | വാർഡ്5 രാജീവ് ഗാന്ധി കോളനി റോഡ് റീച്ച്2 125/19-20 | **23.1** | **21.67** | 48758 | 21.36 | 48060 | 698 |
| | | | | | | Total | 6620 |

അനുവദനീയമല്ലാത്ത 6620/- രൂപ, ചെലവിന് ഉത്തരവാദിയായ തൊഴിലുറപ്പ് പദ്ധതി വിഭാഗം അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## <u>1-32 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി: ജി.എസ്.ടി സ്രോതസ്സിൽ കുറവ് വരുത്തിയില്ല:</u>

2017ലെ കേന്ദ്ര ജി.എസ്.ടി ആക്ട് (THE CENTRAL GOODS AND SERVICES TAX ACT, 2017 NO. 12 OF 2017) സെക്ഷൻ51, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.2019ലെ നം.ഡി.എ1/87/2019/ തസ്വഭവ സർക്കുലർ എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകളിലെ വാങ്ങലുകളിന്മേൽ ജി.എസ്.ടി 2%, നികുതി സ്രോതസ്സിൽ കുറവ് വരുത്തേണ്ടതുണ്ട് (ടി.ഡി.എസ്), എന്നാൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്

പദ്ധതിയിൽ നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രവർത്തികളിൽ ടെണ്ടർ പ്രകാരം ഒരുമിച്ച് പ്രവർത്തികൾ എറ്റെടുത്ത കരാറുകാർക്ക് തുക നല്കിയ ബില്ലുകളിൽ ജി.എസ്.ടി കുറച്ചിട്ടില്ല. കരാറുകാർ വിവിധ പ്രവർത്തികൾക്കായി ഒരുമിച്ച് കരാർ വച്ചതായാണ് കാണുന്നത്.ഓരോ വർക്കുകളിലും പ്രത്യേകം കരാറോ സാധനങ്ങളുട ജി.എസ്.ടി ബില്ലോ സൂക്ഷിച്ചിട്ടുമില്ലാത്തതിനാൽ, ഒരുമിച്ച് ഒന്നിലേറെ പ്രോജക്ടുകൾക്ക് സപ്ലൈ കരാർ എടുത്ത ഇവർ ആകെ കരാർ മൂല്യത്തിന് ബാധകമായ നിരക്കിലാണ് നികുതി ഒടുക്കേണ്ടിയിരുന്നത്. അതിനാൽ മെറ്റീരിയൽ വില2.5ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികളുടേത് ഉൾപ്പെടെ എല്ലാ പ്രവർത്തികളുടയും തുക ചേർത്ത തുകയ്ക്കാണ് ജി.എസ്.ടി- ടി.ഡി.എസ് ചെയ്യേണ്ടത്. ഒരു കരാർ പ്രകാരം പല ഘട്ടങ്ങളിലായി(വിവിധ പ്രോജക്ടുകളിലെ ബില്ലുകളിലായി) മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതായാണ് ഇവിടെ കാണേണ്ടത്. എന്നാൽ ഇവരുടെ ബില്ലുകളിൽ നികുതി കുറച്ചതായി കാണുന്നില്ല. ഈ കരാറുകാർ നികുതി നേരിട്ട് ഒടുക്കിയതിന്റെ വിവരമോ, പഞ്ചായത്തിൽ പ്രത്യേകമായി രസീത് പ്രകാരം തുക ഒടുക്കിയ വിവരമോ ഉള്ള പക്ഷം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നുവെങ്കിലും ആയതും ലഭ്യമാക്കിയിട്ടില്ല.

<u>കരാറുകാരന്റെ പേര്: കെ.ബാലകൃഷ്ണൻ</u>

| പ്രവർത്തിയുടെ പേര് | മെറ്റീരിയൽ ആകെ മൂല്യം |
|---|---|
| പ്രതിഭാമുക്ക് മുതൽ കാരാവള്ളിൽ റോഡ് | 290125.5 |
| പ്രതിഭാമുക്ക് മുതൽ കാരാവള്ളിൽ റീച്ച്2 | 195312 |
| ഇടപ്പറമ്പിൽ റോഡ് | 414080.5 |
| ഇടപ്പറമ്പിൽ റോഡ് റീച്ച് രണ്ട് | 295859.5 |
| ഇടപ്പറമ്പിൽ റോഡ് റീച്ച് മൂന്ന് | 153863 |
| മൂലക്കാട്ടുചിറ ഗുരുമന്ദിരം റോഡ് | 414380.5 |
| മൂലക്കാട്ടുചിറ ഗുരുമന്ദിരം റോഡ് റീച്ച് രണ്ട് | 160612 |
| ശബരിമുക്ക് വായനശാല റോഡ് | 405553.5 |
| ഒറ്റതെങ്ങുംമൂട് കരിമ്പാലത്തറ | 414380.5 |
| ഒറ്റതെങ്ങുംമൂട് കരിമ്പാലത്തറ റീച്ച് രണ്ട് | 384787 |
| അഞ്ചാലേത്ത് ഓട്ടതെങ്ങ് | 190622 |
| പതപ്പന്തറ റോഡ് | 414125.5 |
| പതപ്പന്തറ റീച്ച് രണ്ട് | 150945.5 |
| വിളയിൽ ക്ഷേത്ര ജം. മലമേൽ റോഡ് | 408127.5 |
| വിളയിൽ ക്ഷേത്ര ജം. മലമേൽ റീച്ച് രണ്ട് | 275285.5 |
| മങ്ങാട്ട് പടീറ്റതിൽ | 378816 |
| കളത്തിൽ മുക്ക് പി.ഐ.പി റാമ്പ് റോഡ് | 367523 |
| ശ്രീകണ്ഠേശ്വരംകളത്തിൽ മുക്ക് | 417655.5 |
| ശ്രീകണ്ഠേശ്വരംകളത്തിൽ മുക്ക് റീച്ച് രണ്ട് | 283959.5 |
| കരാലിൽ കൊല്ലക റോഡ് | 381309 |
| വാർഡ് 13 ഷാപ്പുപടി മുതൽ കിഴക്കോട്ട് | 268223 |
| മെറ്റീരിയൽ ആകെ മൂല്യം | 6665546 |
| ജി.എസ്.ടി ഈടാക്കാവുന്നത്: | 133310.92 |

<u>കരാറുകാരന്റെ പേര്: ശാന്തിലാൽ.എൻ</u>

| പ്രവർത്തിയുടെ പേര് | മെറ്റീരിയൽ ആകെ മൂല്യം |
|---|---|
| വിളയത്ത് റോഡ് | 350210 |
| മുട്ടന്റെ പടീറ്റതിൽ | 250152.5 |
| തൊട്ടുകണ്ടത്തിൽ സൌമ്യഭവനം | 50518 |
| പള്ളിവീട്ടിൽ പള്ളിറോഡ് | 235568 |
| കൊളശ്ശേരിൽ പുഞ്ച | 230837 |

| | |
|---|---|
| ലക്ഷംവീട് കോളനി റോഡ് | 278564 |
| വാർഡ് 9 വാലിൽ റോഡ് | 235802.5 |
| മെറ്റീരിയൽ ആകെ മൂല്യം | 1631652 |
| ജി.എസ്.ടി ഈടാക്കാവുന്നത്: | 32633.04 |

കരാറുകാരന്റെ പേര്: അജയ് അശോക്

| പ്രവർത്തിയുടെ പേര് | മെറ്റീരിയൽ ആകെ മൂല്യം |
|---|---|
| രാജീവ് ഗാന്ധി കോളനി റോഡ് | 392956.5 |
| രാജീവ് ഗാന്ധി കോളനി റോഡ് റീച്ച് രണ്ട് | 319828 |
| വലിയവീട്ടിൽ മുക്ക് തറക്കണ്ടത്തിൽ മുക്ക് | 265899.5 |
| വലിയവീട്ടിൽ മുക്ക് തറക്കണ്ടത്തിൽ മുക്ക് റീച്ച് രണ്ട് | 166140.5 |
| ആറ്റുകടവ് മുതൽ പുഞ്ച വരെ | 410637.5 |
| ആറ്റുകടവ് മുതൽ പുഞ്ച വരെ റീച്ച് രണ്ട് | 283959.5 |
| ഞാലേത്ത് ഒറ്റതെങ്ങിൽ റോഡ് | 274495.5 |
| ഞാലേത്ത് ഒറ്റതെങ്ങിൽ റോഡ് റീച്ച് രണ്ട് | 274496.5 |
| മെറ്റീരിയൽ ആകെ മൂല്യം | 2388413.5 |
| ജി.എസ്.ടി ഈടാക്കാവുന്നത്: | 47768.27 |

ജി.എസ്.ടി -ടി.ഡി.എസ് ഇനത്തിൽ ആകെ കുറവ് ചെയ്യേണ്ടിയിരുന്ന തുക 213712/-രൂപ ഈടാക്കേണ്ടതുണ്ട്.

## 1-33 ബഡ്സ് സ്കൂളിൽ പശ്ചാത്തലസൗകര്യം ഒരുക്കൽ - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ബഡ്സ് സ്കൂളിൽ പശ്ചാത്തലസൗകര്യം ഒരുക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 20-21 വർഷങ്ങളിലായി 950938 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | 55/19-20,136/20-21 | |
| അടങ്കൽ | 1050000 | |
| കരാർ നം | 22/AE/11.12.19 | |
| കരാറുകാരൻ | N. വിജയൻ | |
| ആകെ മൂല്യം | 794421(ഇലക്ട്രിഫിക്കേഷൻ ഒഴികെ) | |
| തുക , 950938 | 2019-20 | 153021(തനത് ഫണ്ട്), 2857845/11.03.20 |
| | 20-21 | 141400(പദ്ധതി വിഹിതം-ജനറൽ), 2/21.04.20 |
| | 20-21 | 156517(തനത് ഫണ്ട്), 1183508,509/27.10.20 |
| | 20-21 | 500000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| എം ബുക്ക് നം | 93/19-20,84/19-20 | |

1.എം ബുക്കിൽ, ഇനം. 12, Applying One Coat Of Water Thinnable Cement Primer 490.666m2 ന് പകരം തെറ്റായി 497.086 M2 എന്ന് രേഖപ്പെടുത്തിയിരുന്നു. ഇതേ അളവ് തന്നെയാണ് ഇനം 13 നം (Wall Painting With Premium Acrylic Paint) അനുവദനീയമായത്. എന്നാൽ അവസാന മൂല്യനിർണ്ണയം നടത്തിയപ്പോൾ ഇനം. 12, ന്റെ അളവ് 490.666m2 ആയും ഇനം 13 ന്റെ അളവ് 497.086 M2 എന്നും രേഖപ്പെടുത്തിയാണ് തുക അനുവദിച്ചത് (497.086@105/M2 =52194.03). അർഹമായ തുക, 490.666m2 @105/M2 = 51519.93 രൂപയാണ്. അധികമായി ചെലവഴിച്ച 674.10 രൂപ ഓഡിറ്റ് അന്വേഷണത്തെ(31/20-21) തുടർന്ന് ഗ്രാമപഞ്ചായത്തിൽ ഒടുക്കി(രസീത് നം. 121040103608/20.12.2021).

2.ഇലക്ട്രിഫിക്കേഷന് തുക ചെലവഴിച്ചുവെങ്കിലും ഇതേ വരെയും വൈദ്യുത കണക്ഷൻ എടുത്തിട്ടില്ല.

കെട്ടിടത്തിന് വൈദ്യുത കണക്ഷൻ എടുക്കേണ്ടതും ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 വാഹനങ്ങളുടെ ഫ്യൂവൽ അക്കൌണ്ട് കൃത്യമായി തയ്യാറാക്കാത്തതിനാൽ ഇന്ധന

**ഉപയോഗം നിരീക്ഷിക്കപ്പെടുന്നില്ല**

ഗ്രാമപഞ്ചായത്തിന് ബൊലേറോ (നം-KL 31D 4898 ), മാരുതി ഒമ്നി ആംബുലൻസ് (നം- KL31B8047)എന്നീ വാഹനങ്ങളുണ്ട്. സ്ഥിരം ഡ്രൈവർ തസ്തികയില്ലാത്തതിനാൽ ദിവസവേതന അടിസ്ഥാനത്തിലാണ് ഡ്രൈവർമാരെ നിയമിച്ചിട്ടുള്ളത്. ലോഗ് ബുക്കുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫ്യൂവൽ എക്സ്പെൻഡിച്ചർ സംബന്ധിക്കുന്ന പ്രതിമാസ അക്കൌണ്ട് തയ്യാറാക്കുന്നില്ല. (ഫ്യൂവൽ അബ്സ്ട്രാക്റ്റ്). ആയതിനാൽ ഇന്ധന ഉപയോഗം നിരീക്ഷിക്കാനാകുന്നില്ല. ഗ്രാമപഞ്ചായത്ത് തങ്ങളുടെ വാഹനങ്ങളുടെ ലോഗ്ബുക്കിൽ താഴെ പറയും പ്രകാരമുള്ള ഫ്യൂവൽ എക്സ്പെൻഡിച്ചർ കണക്ക് രേഖപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| ഇന്ധനം മുൻ മാസത്തെ നീക്കി ബാക്കി | A Lr. |
| ഇന്ധനം തൻമാസം വാങ്ങിയത് | B Lr. |
| മുൻ മാസവസാനം ഓടിയ തീയതിയിലെ ഓഡോമീറ്റർ റീഡിംഗ് | XXXX |
| തൻമാസവസാനം<br>ഓടിയ തീയതിയിലെ ഓഡോമീറ്റർ റീഡിംഗ് | YYYY |
| ആകെ തൻമാസം ഓടിയ കിലോ മീറ്റർ | ZZZZ=XXXX-YYYY |
| മൈലേജ് സാക്ഷ്യപത്രം പ്രകാരം മൈലേജ് | Xy/Lr |
| തൻമാസം ഉപയോഗിച്ച ഇന്ധനം | C=ZZZZ/Xy |
| മാസവസാനം അവശേഷിക്കുന്ന ഇന്ധനം | D= A+B-C |

ഓരോ മാസാവസാനവും മേൽപറയും പ്രകാരമുള്ള ഫ്യൂവൽ അക്കൌണ്ട് സംക്ഷിപ്തം തയ്യാറാക്കി വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇന്ധന ഉപയോഗം നിരീക്ഷിക്കുന്നതിനായി മേൽ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്ഥിരം സമിതി ഉറപ്പാക്കേണ്ടതാണ്.

**1-35 ഗുണഭോക്തൃ പട്ടികയിൽപെടാത്തവർക്ക് ആനുകൂല്യം നൽകി.**

വയോജനങ്ങൾക്ക് കട്ടിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപേക്ഷകളിൽ കട്ടിൽ കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഇതുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

പ്രോജക്ട് നം -148/20

ചെലവ്-783000/-വികസന ഫണ്ട് (എസ് സി പി)

| ക്രമ നമ്പർ | വാർഡ് നം | ഗുണഭോക്താക്കളുടെ പേര് | മേൽവിലാസം |
|---|---|---|---|
| 1 | 3 | കുട്ടി | തയ്യിൽ കിഴക്ക്,മറ്റം തെക്ക്,തട്ടാരമ്പലം |
| 2 | 3 | നാരായണി | വാത്തി അയ്യത്ത്,തട്ടാരമ്പലം |
| 3 | 3 | ഗോപാലൽ | കുന്നത്ത് കിഴക്കതിൽ, പേള പി ഒ |
| 4 | 3 | സരസമ്മ | മഞ്ഞിപ്പുഴയത്തറയിൽ,മറ്റം തെക്ക്,തട്ടാരമ്പലം |
| 5 | 3 | ശിവദാസൻ .കെ | മണിമേൽ വടക്കതിൽ,പേള പി ഒ |
| 6 | 3 | കുട്ടപ്പൻ.കെ | മഞ്ഞിപ്പുഴയത്തറയിൽ,മറ്റം തെക്ക്,തട്ടാരമ്പലം |
| 7 | 3 | ലക്ഷമി | കാണിക്കൽ തെക്കതിൽ,ആഞ്ഞിലിപ്ര,തട്ടാരമ്പലം |
| 8 | 3 | ലീല കേശവൻ | ബിന്ദു ഭവനം,മറ്റം തെക്ക് |
| 9 | 3 | ചെല്ലമ്മ | തയ്യിൽ തെക്കതിൽ,മറ്റം തെക്ക് |
| 10 | 4 | കുഞ്ഞമ്മ | കളത്തിൽ കിഴക്കതിൽ,പേള പി.ഒ,തട്ടാരമ്പലം |
| 11 | 15 | പ്രസന്ന | പുതുശ്ശേരി വടക്കതിൽ,കൈത<br>തെക്ക്,ചെട്ടികുളങ്ങര |
| 12 | 15 | ചെല്ലമ്മ | ലക്ഷംവീട്,കൈത തെക്ക്,ചെട്ടികുളങ്ങര |
| 13 | 15 | ഗോപാലകൃഷ്ണൻ | രതീഷ് ഭവനം,കണ്ണമംഗലം വടക്ക് |
| 14 | 15 | രാജൻ | രതീഷ് ഭവനം,കണ്ണമംഗലം വടക്ക് |

| | | | |
|---|---|---|---|
| 15 | 15 | കൊച്ചുചെറുക്കൽ | നന്ദസദനം,കണ്ണമംഗലം വടക്ക്,ചെട്ടികുളങ്ങര |
| 16 | 15 | കല്ലാണി | പുതുക്കാട്ട് പടീറ്റതിൽ,കൈത വടക്ക് |

ഓഡിറ്റ് അന്വേഷണത്തിന്(29/20-21) ഒരോ വാർഡിലെ ജനപ്രതിനിധികൾക്ക് അവരുടെ കൈവശം ഒരു ലിസ്റ്റ് ഉണ്ടെന്നും മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഒരോ വാർഡിലെ ജനപ്രതിനിധികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന് ശേഷമാണ് കട്ടിൽ വിതരണം നടത്തിയെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിലാവണം ആനുകൂല്യം നൽകേണ്ടത്.ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-36 ജൽ ജീവൻ മിഷന് തുക നൽകൽ- പദ്ധതിയുടെ പൂർത്തീകരിച്ചതിന്റെയോ തുക വിനിയോഗിച്ചതിന്റെയോ വിവരങ്ങളില്ല**

**എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക ടാപ്പ് കണക്ഷൻ നൽകുക എന്നത് പ്രാഥമിക ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന ജൽ ജീവൻ മിഷനിൽ 188 FHTC (Functional Household Tap Connection) നൽകുന്നതിനായി** പ്രോജക്റ്റ് നം- 229/21 (ജൽ ജീവൻ മിഷന് വിഹിതം നൽകൽ) പ്രകാരം 903000 രൂപ കേരള വാട്ടർ അതോറിറ്റിയുടെ SBIN 0070020 00000067119741187 നമ്പർ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കുകളിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന നിലയിൽ അക്കൌണ്ട് ചെയ്തിട്ടില്ല.തുക പൂർണ്ണമായും പേയ്മെന്റ് എന്ന നിലക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടതായ തുക സംബന്ധിക്കുന്ന വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കരാർ പ്രകാരം 188 ടാപ്പുകൾക്ക് 61.1 ലക്ഷം രൂപ ചെലവ് എന്നാണ് കാണുന്നത്. സർക്കാരിന്റെ 08/06/ 2020 ലെ സ.ഉ. ( കൈ) നം. 37/2020/ ജ.വി.വ പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃവിഹിതം 10 ശതമാനവുമാണ്. തുക എപ്രകാരമാണ് കണക്കാക്കിയിരിക്കുന്നത് എന്നും ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല. തുക വിനിയോഗിച്ചതിന്റെയും പദ്ധതി പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-37 പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിലെ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം കൃത്യമാക്കണം**

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 20-21 വർഷം 1596000 രൂപ ചെലവാക്കിയിട്ടുണ്ട്. (ഹെഡ് കോഡ്-230110102). 292 പൈപ്പുകളുണ്ടായിരുന്ന ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം വിവിധ സ്ഥലങ്ങളിലായി 12 പൊതുടാപ്പുകൾ സ്ഥാപിച്ചുവെന്നുള്ള (കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ 28/10/2019 ലെ എ 2/4547/18 കത്ത് പ്രകാരം) കത്തിന്റെ അടിസ്ഥാനത്തിൽ 304 ആയി ഉയർന്നതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചതിൻ പ്രകാരം നിലവിൽ പ്രതിമാസം 133000രൂപയാണ് വെള്ളക്കരമായി വാട്ടർ അതോറിറ്റിക്ക് ഒടുക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വാർഡ് തിരിച്ചുള്ള കണക്കുകളോ പ്രവർത്തനരഹിതമായ ടാപ്പുകളുടെ വിവരങ്ങളോ ഇല്ല. സംയുക്ത പരിശോധനനടത്തിയാൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കുറയും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ (തീയതി, കണ്ടെത്തിയ ടാപ്പുകൾ , പ്രവർത്തനരഹിതമായ ടാപ്പുകൾ) ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**1-38 ആയുർവേദാശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല.**

പ്രോജക്റ്റ് നം –**S0063/21** ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ-908975/-(മെയിന്റനൻസ് ഫണ്ട്)

ചെലവ് -908975/- ബിൽ നം -1/2020-21 തീയതി 12.11.20,300000/-

ബിൽ നം -2/2020-21 തീയതി 14.01.21,608975/-

അടങ്കൽ-1025/-(തനത് ഫണ്ട്)

ചെലവ് -1025/- ചെക്ക് നം -69021059/ 17.3.21

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ ഈ പ്രോജക്റ്റിലുൾപ്പെടുത്തി പ്രോഫോമ ഇൻവോയിസ്. PF 108242/24.07.20,800000/-, PF 112020/09.09.20,110000/-പ്രകാരം 910000 ലക്ഷം രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. 846730/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 63270/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/20-21 തീ.07.12.21) മരുന്നുകൾ ലഭിക്കാനുള്ള വിവരം ഔഷധിയിൽ അറിയിച്ചിട്ടുണ്ടെന്നും ടി മരുന്നുകൾ എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.മരുന്നുകൾ ലഭ്യമാകുന്നതുവരെ 63270/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 കാർഷിക മേഖലയിലെ പ്രോജക്ടുകൾ-പൊതു അപാകതകൾ:

എ)തരിശുനിലം കൃഷിയോഗ്യമാക്കൽ പദ്ധതി:-

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 2020-21 വർഷം തരിശ് നില നെൽകൃഷി പ്രോജക്റ്റ്(നം.202/21) നടപ്പാക്കിയതായി കാണുന്നു. പ്രോജക്റ്റിൽ വികസന(ജനറൽ)ഫണ്ടിൽ നിന്ന് 10ഗുണഭോക്താക്കൾക്കായി 95524/- രൂപ ചെലവഴിക്കപ്പെട്ടു. ആകെ 3.625 ഹെക്ടറാണ് കൃഷിയോഗ്യമാക്കിയതായി ഫയലിൽ നിന്ന് മനസ്സിലാകുന്നത്. ആകെ 10 കർഷകർക്കാണ് ഇപ്രകാരം കൂലിച്ചെലവ് നല്കിയത്. ടി പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

മൂന്ന് വർഷത്തിലേറെ തരിശ് നിലമായി തുടർന്നിരുന്ന പാടശേഖരങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹത. എന്നാൽ അപേക്ഷാ ഫയലുകൾ പരിശോധിച്ചതിൽ അപേക്ഷകൾ പരിശോധിച്ച് ഇപ്രകാരം റിപ്പോർട്ട് ചെയ്ത് കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ആകെ കാർഷിക ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച് കാലികമായി പരിഷ്കരിച്ച ബേസിക് ഡേറ്റാ ബുക്ക് സൂക്ഷിക്കപ്പെടുന്നില്ല, തരിശ് ഭൂമിയായി ഉൾപ്പെടുത്തിയ സ്ഥലം ഇതിൽ ഉൾപ്പെടുന്നതാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്.

ഉല്പാദന പുരോഗതി മോണിറ്ററിംഗ് നടത്തപ്പെട്ട് കാണുന്നില്ല. നിലവിലെ ആകെ നെൽ കൃഷിയോഗ്യമായ ഭൂമിയുടെ അളവ്(തരിശ് ഭൂമി കൃഷിയോഗ്യമാക്കിയത് ഉൾപ്പെടെ),സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശ് ഭൂമി കൃഷിയോഗ്യമാക്കിയതിനാൽ ഗ്രാമപഞ്ചായത്തിലെ ആകെ നെല്ലുല്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വന്നിട്ടുള്ള വർദ്ധനവ് സംബന്ധിച്ച് പരിശോധനായോഗ്യമായ വസ്തുനിഷ്ഠമായ ഡേറ്റാ എന്നിവ സൂക്ഷിക്കപ്പെടേണ്ടതുണ്ട്.

ബി)രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ പദ്ധതി:-

രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ പ്രോജക്റ്റിൽ (നം.147/21)2020-21വർഷം വികസന(ജനറൽ)ഫണ്ടിൽ നിന്ന് 191500/-രൂപ വിവിധ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. വെട്ടിയ ഒരു തെങ്ങിന് 500/-രൂപ വീതമാണ് ചെലവ്. ഇതനുസരിച്ച് ആകെ 383തെങ്ങുകളാണ് വെട്ടി മാറ്റിയിരിക്കുന്നത്. പ്രോജക്റ്റിന്റെ അടങ്കലിൽ വികസനഫണ്ട് 208750/-രൂപയ്ക്ക് പുറമേ, പുതിയ തെങ്ങിൻ തൈകൾ വാങ്ങുന്നതിന് ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതിന് ഉദ്ദേശിച്ച് 21750/-രൂപ കൂടി വകയിരുത്തിയിരുന്നതായി കാണുന്നു. എന്നാൽ പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ ഇപ്രകാരം തെങ്ങിൻ തൈകൾ നട്ടതായി റിപ്പോർട്ട് ചെയ്ത് കാണുന്നില്ല. വെട്ടിമാറ്റേണ്ടുന്ന തെങ്ങുകളുടെ കണക്ക് ശേഖരിച്ചത് എപ്രകാരമെന്നതിലും പ്രോജക്റ്റിൽ അടങ്കൽ നിശ്ചയിച്ചതിലും വ്യക്തതയില്ല.

സി)പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമാകണം:-

നെൽക്യഷി, തെങ്ങ് കൃഷി, ഇടവിളക്യഷി, ഫലവൃക്ഷകൃഷി മുതലായ വൈവിധ്യമാർന്ന മേഖലകളിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. എന്നാൽ, പ്രോജക്ടുകളുടെ ഫലപ്രാപ്തി, തുടർപ്രവർത്തനക്ഷമത എന്നിവ മോണിറ്റർ ചെയ്യപ്പെട്ട് കാണുന്നില്ല. കൂടാതെ, കാർഷിക വിളകൾക്ക് വിപണി സൌകര്യം ഉറപ്പാക്കിയതായും ഉല്പാദനവർദ്ധനവ് റെക്കോഡ് ചെയ്യപ്പെടുന്നതായും കാണുന്നില്ല. ഉല്പന്നത്തിന്റെ ന്യായവില, വിപണന സൌകര്യങ്ങൾ ഉറപ്പാക്കപ്പെടുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ (സർക്കുലർ നം.ഡി.എ1/140/2020/തസ്വഭവ/3.8.20) പാലിക്കപ്പെടേണ്ടതുണ്ട്. ഉല്പാദന വർദ്ധനവ് വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നതിനുള്ള രേഖപ്പെടുത്തൽ നടത്തേണ്ടതുണ്ട്.

## 1-40 അഗതി ആശ്രയ-അക്കൌണ്ടിൽ തുകയുള്ളപ്പോഴും ഗുണഭോക്താക്കൾ ആനുകൂല്യം ലഭിക്കാതെ അവശേഷിക്കുന്നു.

അസി.സെക്രട്ടറി 2020-21 വർഷം നിർവ്വഹിച്ച അഗതികൾക്ക് വീട് മെയിന്റനൻസ് എന്ന

പ്രോജക്ടിൽ(നം.124/21)ആകെ മൂന്ന് ലക്ഷം രൂപ ബിൽ നം.4/27.10.21പ്രകാരം പിൻവലിച്ച് സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് കാണുന്നു. അഗതി ആശ്രയ പദ്ധതിയ്ക്കായി നല്കപ്പെട്ട ടി തുകയിൽ നിന്ന് ആകെ 193700/-രൂപ ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസ് ഇനത്തിൽ നല്കിയിട്ടുണ്ട്. 106300/- ചെലവാകാതെ ടി അക്കൌണ്ടിൽ അവശേഷിക്കുന്നു. അഗതി ആശ്രയ പദ്ധതിയ്ക്കായി, സി.ഡി.എസ് ചെയർപേഴ്സൻ& മെമ്പർ സെക്രട്ടറിയുടെ, മാവേലിക്കര യൂണിയൻ ബാങ്കിൽ ഉള്ള അക്കൌണ്ടിൽ, 1679840.56രൂപയാണ് ഓഡിറ്റ് സമയത്ത് (18.8.21) നീക്കിയിരിപ്പ്.

അഗതി ആശ്രയ പദ്ധതിയിൽ ഗുണഭോക്താക്കൾ 212പേരായിരുന്നു, നിലവിൽ അവശേഷിക്കുന്നത് 180പേർ. ഇവരിൽ 19പേർ ഭൂരഹിതരും, 42പേർ ഭവനരഹിതരുമാണ്. വീട് അറ്റകുറ്റപ്പണി ആവശ്യമുള്ളവർ 42 പേരും ഉണ്ട്. വർഷങ്ങളായി ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും മറ്റും പ്ലാൻഫണ്ടിൽ നിന്ന് വകയിരുത്തപ്പെട്ടയിനത്തിലും ടി തുകകളുടെ പലിശയിനത്തിലും സി.ഡി.എസ് അക്കൌണ്ടിൽ വൻതുക നീക്കിയിരിപ്പുള്ളപ്പോഴും അഗതി ആശ്രയ വിഭാഗത്തിന് അതിന്റെ പ്രയോജനം ലഭിക്കാതെ വരുന്ന സ്ഥിതിവിശേഷം ഒഴിവാക്കേണ്ടത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. ടി വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-41 ഇ.എം.എസ് ലോൺ തിരിച്ചടക്കാനുള്ള തുകയിലധികം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തു.

ഗ്രാമപഞ്ചായത്തിന്റെ ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിക്കായി എടുത്തിട്ടുള്ള വായ്പയിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക 928299രൂപയാണ്. ഇത് കണ്ണമംഗലം സർവ്വീസ് സഹകരണ ബാങ്കിന് (നം- 2135) നൽകുവാനുള്ള തുകയാണ്. എന്നാൽ ജനറൽ പർപ്പസ് ഗ്രാന്റിന്റെ പന്ത്രണ്ടാം ഗഡു ട്രഷറി അക്കൌണ്ടിലേക്ക് ട്രൻസ്ഫർ ചെയ്യുന്ന സമയത്ത് സർക്കാർ ഗ്രാമപഞ്ചായത്തിനനുവദിച്ചിട്ടുള്ള മുഴുവൻ വിഹിതവും ഗ്രാമപഞ്ചായത്തിന്റെ കുടിശ്ശികയെന്ന നിലക്ക് ഉറവിടത്തിൽ തന്നെ കുറച്ചിരിക്കുകയാണ്.(സർക്കാർ ഉത്തരവ് (സാധാ) നം.2003/2021/ധന തീ.3-3-21 കാണുക) അതായത് 533701 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിച്ച് നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും മേല് വിഷയത്തിന് പരിഹാരമായിട്ടില്ല. തുക സഹകരണ ബാങ്കിന് സർക്കാർ കൈമാറി നൽകിയിട്ടുമില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-42 സോളാർ വൈദ്യുതി- പദ്ധതിയുടെ പുരോഗതി-പരിശോധന നടത്തേണ്ടതാണ്

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനലുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുകയും അത് കെ.എസ്.ഇ.ബിക്ക് നൽകുകയും ചെയ്യുന്നുണ്ട്. 2017 ഒക്ടോബർ 11 ന് ഉത്ഘാടനം ചെയ്യപ്പെട്ട ഈ പദ്ധതി പ്രകാരം 1155231000739 എന്ന കൺസ്യൂമർ നമ്പരിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററിന്റെ 01-11-2021 ലെ ബിൽ പ്രകാരം 900 യൂണിറ്റ് ഉപയോഗവും 9 യൂണിറ്റ് പവ്വർ ജനറേഷനും മാത്രമാണുള്ളത്. കെ.എസ്.ഇ.ബിയുടെ ഡിസ്ട്രിബ്യൂഷൻ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്കാനുപാതികമായി ബിൽ തുകയിൽ കുറവ് വരുത്തുകയാണ് ചെയ്യുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സോളാർ പദ്ധതി മൂലം വളരെക്കുറച്ച് വൈദ്യുതി ഉത്പാദനം മാത്രമാണ് നടക്കുന്നതെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. സോളാർ യൂണിറ്റിൽ തകരാറുണ്ടോ ബാറ്ററികളുടെ പ്രവർത്തനം തൃപ്തികരമാണോ എന്നുള്ള വിവരങ്ങൾ സാങ്കേതിക വിദഗ്ദരെക്കൊണ്ട് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-43 EMS -ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനാരംഭിച്ച അക്കൌണ്ടിൽ അവശേഷിച്ച തുക പഞ്ചായത്തിന്റെ ബാധ്യതയായി തുടരുന്നു.

ഇ.എം.എസ് ലോണിന്റെ ഭാഗമായിരുന്ന വിവിധ ബാങ്ക് അക്കൌണ്ടുകൾ ക്ലോസ് ചെയ്തു സൂക്ഷിച്ചിട്ടുള്ള തുക 36960 രൂപ 350300109 എന്ന ബാധ്യത ഹെഡ്ഡിൽ തുടരുന്നുണ്ട് . സർക്കാർ ഉത്തരവ് (സാധാ) നം.2003/2021/ധന തീ3-3-21 പ്രകാരം ലോൺ കുടിശ്ശിക സർക്കാർ ഉറവിടത്തിൽ തന്നെ ഈടാക്കി.ലോൺ തുകയിലും അധികമായി തുക ഉറവിടത്തിൽ നിന്നും കിഴിച്ചതിനാൽ ബാക്കി തുക തിരികെ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഈ വിഷയത്തിന്റെ തീർപ്പിന് വിധേയമായി കുടിശ്ശിക മുഴുവൻ ബാങ്കിന് ലഭിച്ചുവെന്ന് ഉറപ്പാക്കി 350300109 എന്ന ബാധ്യത ഹെഡ്ഡിൽ തുടരുന്ന തുക ടി ഹെഡ്ഡിൽ നിന്നും മാറ്റേണ്ടതാണ്.

## 1-44 തിരികെ ഒടുക്കിയ സാമൂഹ്യസുരക്ഷപെൻഷനുകൾ ബാധ്യത ഹെഡ്ഡുകളിൽ തുടരുന്നു

350800299എന്ന ഹെഡ്ഡ് പ്രകാരം 9800രൂപ ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഹെഡ്ഡിൽ തുടരുന്നുണ്ട്.എന്നാൽ ഈ ഹെഡ്ഡിലെ ലെഡ്ജറിന്റെ 01-01-12 മുതലുള്ള ലെഡ്ജറുകൾ പരിശോധിച്ചതിൽ ബാധ്യതയായി രേഖപ്പെടുത്തിയ

തിരിച്ചടച്ച സാമൂഹ്യസുരക്ഷാപെൻഷനുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൌണ്ടിലേക്ക് മാറ്റിയിട്ടുള്ളതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| തീയതി | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 19-12-2016 | വിധവപെൻഷൻ | 9800 | |
| 23-07-2020 | സാമൂഹ്യസുരക്ഷപെൻഷൻ-അനുവദനീയമല്ലാത്ത കാലയളവ് | 5500 | 18-08-2020ൽ ജില്ലാ സഹകരണബാങ്ക് തനത് ഫണ്ടിൽ ഒടുക്കി |
| 09-11-2020 | സാമൂഹ്യസുരക്ഷപെൻഷൻ-അനുവദനീയമല്ലാത്ത കാലയളവ് | 7700 | 13-11-2020ൽ ജില്ലാ സഹകരണബാങ്ക് തനത് ഫണ്ടിൽ ഒടുക്കി |

മേൽ കണക്കുകൾ പ്രകാരം 9800രൂപ ഇപ്പോഴും ബാധ്യതയായി നിലനിൽക്കുകയും 13200രൂപ തനത് ഫണ്ടിലേക്ക് മാറ്റുകയും ചെയ്തു. സാമൂഹ്യ സുരക്ഷസഹായങ്ങളുടെ അനധികൃത കാലയളവിലെ തുകകൾ ഗുണഭോക്താവ് തിരിച്ചടക്കുന്നത് സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ട തുകകളാണ്. കണക്കുകളുടെ കൃത്യത പരിശോധനക്ക് വിധേയമാക്കി മുഴുവൻ തുകയും (13200 + 9800=23000രൂപ) ട്രഷറിയിലേക്ക് ഒടുക്കേണ്ടതാണ്.

## 1-45 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 14-15 വരെയുള്ളയും ഉടമസ്ഥത ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതുമായ നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുണ്ട്.(ധനകാര്യ സ്ഥിരം സമിതിയുടെ 28-11-2018 ലെ രണ്ടാം നമ്പർ തീരുമാനം) .വാർഷിക കണക്കുകളിലെ B-7പട്ടിക പ്രകാരം 722713 രൂപ പഞ്ചായത്തിൽ വിവിധ ഹെഡ്ഡുകളിലായി നിക്ഷേപമുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 ന് വിധേയമായി 2017-18 വരെയുള്ള നിക്ഷപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-46 ബാധ്യത ഹെഡ്ഡിൽ തുടരുന്ന തുകകൾ

1)വനവികസന നികുതി (FDT), മൂല്യവർദ്ധിത നികുതി (VAT) എന്നിവ സർക്കാരിലേക്ക് ഒടുക്കിയില്ല

350300199എന്ന ഹെഡ് പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ തടി ലേലങ്ങളുടെ ഭാഗമായി ഈടാക്കിയിട്ടുള്ള വനവികസന നികുതി (FDT), മൂല്യവർദ്ധിത നികുതി (VAT) എന്നിവ സർക്കാരിന്റെ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് ഒടുക്കിയിട്ടില്ല.മേൽ ഹെഡ്ഡിലെ കണക്കുകൾ പ്രകാരം 20756 രൂപ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി തുടരുന്നു.തുക ബന്ധപ്പെട്ട സർക്കാർ ഹെഡ്ഡുകളിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2)ഓഡിറ്റ് ഒബ്ജക്ഷന്റെ ഭാഗമായി ഒടുക്കിയ തുകകൾ, തിരിച്ചടച്ച തൊഴിലില്ലായ്മവേതനം എന്നിവ ബാധ്യത ഹെഡ്ഡിൽ തുടരുന്നു

വാർഷിക കണക്കുകളിലെ 350409901 എന്ന ഹെഡ്ഡ് പ്രകാരം 4320 രൂപ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി തുടരുന്നുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ ഈ തുകകൾ ഓഡിറ്റ് ഒബ്ജക്ഷന്റെ ഭാഗമായി ഒടുക്കിയ തുകകൾ, തിരിച്ചടച്ച തൊഴിലില്ലായ്മവേതനം എന്നിവയാണെന്ന് കാണുന്നു. കണക്കുകളുടെ കൃത്യത ഉറപ്പാക്കി ഈ തുകകൾ സർക്കാരിലേക്ക് ഒടുക്കേണ്ടവയാണെങ്കിൽ അപ്രകാരം ചെയ്ത് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

3)വാറ്റിത്തിൽ ഈടാക്കിയ തുക പഞ്ചായത്തിൽ തുടരുന്നു

വാറ്റിനത്തിൽ ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്തതും സർക്കാരിലേക്ക് ഒടുക്കുവാനുള്ളതുമായ 4250 രൂപ(ഹെഡ് കോഡ്-350300103) സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-47 ഇ-പേയ്മെന്റ് അക്കൌണ്ടിലെ നീക്കിബാക്കിയിൽ നിശ്ചിത തുക പലിശയുള്ള അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കാവുന്നതാണ്.

വസ്തുനികുതിയുടെ ഓൺലൈൻ ഇടപാടുകൾക്കും മറ്റുമായി ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടുള്ള SBI അക്കൌണ്ടിൽ 31-03-21 ലെ വാർഷിക കണക്കുകൾ പ്രകാരം 3554570രൂപ നീക്കി ബാക്കിയുണ്ട്. ഈ അക്കൌണ്ട് കറന്റ് അക്കൌണ്ട് ആയതിനാൽ ഗ്രാമപഞ്ചായത്തിന് പലിശ വരുമാനം ലഭിക്കുകയില്ല. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദത്തോട് കൂടി ഈ അക്കൌണ്ടിൽ നിന്നും നിശ്ചിത തുക ഓട്ടോസ്വീപ്പ് / സ്ഥിരനിക്ഷേപം എന്നരീതിയിൽ മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## 1-48 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

*<u>കെട്ടിടം</u> - ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് പരിധിയിൽ **30** അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ **13**എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്. **13**എണ്ണം വാടക കെട്ടിടത്തിലും **4**എണ്ണം വാടക രഹിത കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.*

<u>കുടിവെള്ളം</u>- 29 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഉണ്ട്.

<u>ടോയ് ലെറ്റ്</u>- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് 6 എണ്ണത്തിന് മാത്രമാണ് ഉള്ളത്.

<u>വൈദ്യുതി</u>- എല്ലാ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ഉണ്ട്.

<u>ചുറ്റുമതിൽ</u>- 10 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

<u>ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം-</u> എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

<u>ഫിറ്റ്നസ് സർട്ടിഫിക്കറ്റ്</u>- ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എല്ലാ അങ്കണവാടികൾക്കും ഉണ്ട്

17 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3105/ ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-49 ഹരിത കർമ്മ സേനയുടെ പ്രവർത്തനം

പഞ്ചായത്തിനെ പ്ലാസ്റ്റിക്ക് മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 കാലയളവുകളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനവും അജൈവ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ഓഡിറ്റ് വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 77/19-20ഹരിതകർമ്മസേന പ്രവർത്തനങ്ങളും പ്ളാസ്റ്റിക് നിർമ്മാർജ്ജനവും | 2019-20 | 800000(Plan) | 1,82,217 |
| 87/20-21ഹരിതകർമ്മസേന പ്രവർത്തനങ്ങൾ പ്ളാസ്റ്റിക് നിർമ്മാർജ്ജനവും | 2020-21 | 130488(Plan) | 64827 |
| 226/20-21ഹരിതകർമ്മസേന പ്രവർത്തനങ്ങൾ പ്ളാസ്റ്റിക് നിർമ്മാർജ്ജനവും | 2020-21 | 1,60,000(Plan)) | 1,45,961 |

പഞ്ചായത്തിലെ 21 വാർഡുകളിൽ 42 ഹരിതകർമ്മ സേനാംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന രൂപീകരിക്കുകയും പ്രസ്തുത ഹരിത കർമ്മസേനയ്ക്കായി ഓണറേറിയം, യൂണിഫോം, പരിശീലനം തുടങ്ങിയവയ്ക്കായി മുകളിലെ പട്ടിക പ്രകാരം ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

2021 ഏപ്രിൽ മുതൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിനായി വീടുകളിൽ നിന്നും 50 രൂപ യൂസർ ഫീയും സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ വീതവും ഈടാക്കുന്നുണ്ട്. 2021 ജനവരി 1ന് ക്ളീൻ കേരള കമ്പിനിയുമായി കരാറിൽ ഏർപ്പെടുകയും ഇതുവരെ 2178 കിലോഗ്രാം പ്ളാസ്റ്റിക് മാലിന്യം കമ്പനിയ്ക്ക് കൈമാറുകയും 5214/- രൂപ ഹരിതകർമ്മസേനയ്ക്ക് ലഭിയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ഹരിതകർമ്മസേനയുടെ വിവരങ്ങൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ യൂസർഫീ നൽകി സഹകരിയ്ക്കാൻ ഒരു വിഭാഗം ആൾക്കാർ വിമുഖത കാണിയ്ക്കുന്നവെന്ന് അറിയിച്ചിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന അവബോധം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉള്ളവർക്ക് ഉണ്ടാകത്തക്ക രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ക്ളീൻ കേരള കമ്പനിയും പഞ്ചായത്ത് ഭരണസമിതിയുമായി ചേർന്ന് നടത്തുകയും എല്ലാത്തരം ആൾക്കാരെയും ടി പദ്ധതിയുമായി സഹകരിപ്പിയ്ക്കുകയും ചെയ്യേണ്ടതുമാണ്.എല്ലാ മാസവും ഹരിത കർമ്മ സേനാംഗങ്ങളും വാർഡ് മെമ്പർമാരും ഉദ്യോഗസ്ഥരും കോ-ഓർഡിനേറ്റർമാരും പങ്കെടുത്തു കൊണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും

പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ ഇത് നടപ്പാക്കുന്നില്ല.എല്ലാ മാസവും റിവ്യൂമീറ്റിംഗുകൾ നടത്താനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

കോവിഡ് കാലയളവിലും,ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ഉത്സവനാളുകളിലും ഹരിത കർമ്മ സേന നടത്തിയ സേവനങ്ങൾ എന്തൊക്കെ എന്ന് വ്യക്തമല്ല. പഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിന് ഇത് പോലെയുള്ള പൊതുപരിപാടികളിൽ നിന്നും, സ്വകാര്യചടങ്ങുകളിൽ നിന്നുമൊക്കെ മാലിന്യം സംഭരിച്ച് മാലിന്യത്തെ വരുമാനദായകമായ രീതിയൽ തരം തരിച്ച് കൈമാറുന്നതിനും പ്രവർത്തകർക്ക് പ്രതിമാസം നിശ്ചിതമായ വരുമാനം നേടുന്ന രീതിയിൽ ഹരിത കർമ്മ സേനയെ മാറ്റിയെടുക്കേണ്ടതാണ്.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/ കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടതായി വ്യക്തമല്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.
ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പഞ്ചായത്ത് എം.സി.എഫ്- ൽ സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ വലവടയിലുള്ള പഞ്ചായത്തിന്റ വിപണനകേന്ദ്രമാണ് എംസിഎഫായി മാറ്റിയിരിയ്ക്കുന്നത്. 15/11/19ലെ 1 (6) നം കമ്മിറ്റി തീരുമാന പ്രകാരം എംസിഎഫ് പൂർത്തിയാകുന്നത് വരെയാണ് വിപണനകേന്ദ്രം താൽക്കാലിക ഉപയോഗിയ്ക്കാൻ അനുവദിച്ചിരുന്നത്.എന്നാൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കരിപ്പുഴ മാർക്കറ്റിൽ എം.സി.എഫിന്റെ പണി പൂർത്തീകരിച്ചിരിയ്ക്കുന്നതായി കണ്ടു. എംസിഎഫിന്റെ പ്രവർത്തനം എത്രയും പെട്ടന്ന് വിപണന കേന്ദ്രത്തിൽ നിന്നും പുതുതായി പണികഴിപ്പിച്ച എംസിഎഫി ലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങളുടെ പുന:ചംക്രമണം, ഇവയ്ക്കായി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ചേർന്ന് പ്രവർത്തിച്ച് ഹരിതകർമ്മസേനയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാൽക്കരിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-50 ലൈഫ് പദ്ധതി അവലോകനം

1)ലൈഫ് ഭവനപദ്ധതി പ്രകാരം 2019-2020, 2020-21 വരെ ആകെ 86 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. 68 പേർ ജനറൽ വിഭാഗത്തിലും, 8പേർ എസ്.സി വിഭാഗത്തിലുമാണ് 68 ഗുണഭോക്താക്കളിൽ എല്ലാവരും ഭവനനിർമ്മാണം പൂർത്തീകരിച്ചതാണ് .

2) ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ പ്രകാരം സ്ഥലം 8 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട് വിശദവിവരങ്ങൾ ചുവടെ

| ക്രമ നം. | പേര് മേൽവിലാസം | ജനറൽ/എസ് സി | പണി പൂർത്തീകരിച്ച സ്റ്റേജ് | സ്ഥലം വാങ്ങിയ തിന് നൽകിയ തുക | വീടിന് കരാർ വെച്ച് നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | രാജേശ്വരി, കോലടുത്ത് തറയിൽ | എസ്.സി | പൂർത്തീകരിച്ചു | 225000/20-21 | 400000 | |
| 2 | നീതു കളത്തിൽ | എസ്.സി | പൂർത്തീകരിച്ചു | 225000/20-21 | 300000 | |
| 3 | രമാദേവി | എസ്.സി | പൂർത്തീകരിച്ചു | 225000/20-21 | 300000 | |

| | | | | | | |
|---|---|---|---|---|---|---|
| | വള്ളിക്കണ്ട ത്തിൽ | | | | | |
| 4 | ശ്രീജ, ഉണ്ണിച്ചേത് | എസ്.സി | അടിത്തറ പണികൾ നടക്കുന്നു | 225000/2020-21 | 200000 | |
| 5 | സുധമോഹൻ കുമ്പമുഴ | ജനറൽ | പൂർത്തീകരിച്ചു | 200000/20-21 | 400000 | |
| 6 | ഷൈലജ ,കനിശ്ശേരിൽ | ജനറൽ | പൂർത്തീകരിച്ചു | 200000/20-21 | 300000 | സ്റ്റേറ്റ് ഷെയർ 100000/- രൂപ നൽകാനുണ്ട് |
| 7 | രാധാമണി പുലിത്തിട്ട | ജനറൽ | പൂർത്തീകരിച്ചു | 200000/20-21 | 400000 | |
| 8 | രാജൻ ആച്ചമത്ത് | ജനറൽ | ലിൻറൽ | 200000/20-21 | 200000/21-22 | |

ഭവനപദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 02/04-12-20 ന് നൽകിയ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഗൃഹനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-51 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

2020- ആരംഭത്തോടെ കേരളത്തിലും സാരമായി ബാധിച്ച കോവിഡ് 19 മഹാമാരി, ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക, ആരോഗ്യ, തൊഴിൽ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**കോവിഡ് -പ്രസക്തമായ സ്ഥിതിവിവരങ്ങൾ:**

ആകെ 3007പേരാണ് ഗ്രാമപഞ്ചായത്തിൽ കോവിഡ് ബാധിതരായത്. ഇവരിൽ 46പേർ മരണപ്പെട്ടു. കോവിഡ് ബാധിതരിൽ 96%പേരും അതിജീവിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്ത്(12/2021) നിലവിലുള്ള കോവിഡ് ബാധിതർ 9പേരാണ്.

ഓഡിറ്റ് വർഷം കോവിഡ് പ്രതിരോധത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

എ)സ്ഥാപന തല കോറന്റൈൻ സെന്റർ2എണ്ണം

1.ചെറുമാളിയേക്കൽ ലോഡ്ജ് -പ്രവർത്തന കാലയളവ്: 20/03/20- 01/11/2020

2.ആശാവി ലോഡ്ജ് -പ്രവർത്തന കാലയളവ്: 10/05/2020- 01/11/2020

ബി)കമ്മ്യൂണിറ്റി കിച്ചൻ

രണ്ട് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചു. വാർഡ് 15 ൽ കണ്ണമംഗലം എൽ.പി.എസ്-ലും വാർഡ് 12ൽ ഈരേഴ യു.പി.എസ്-ലും.

ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചിട്ടില്ല. ജാഗ്രതാ സമിതികൾ07.10.2020-മുതൽ തുടർച്ചയായി നിലവിലും പ്രവർത്തിക്കുന്നുണ്ട്.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരിൻറെയും ആരോഗ്യ വകുപ്പിൻറെയും നിർദ്ദേശാനുസരണം വീടുകളിൽ സാനിട്ടൈസർ വിതരണം, മാസ്ക് വിതരണം അതിഥി തൊഴിലാളികൾക്ക് ഭക്ഷണ സാമഗ്രികൾ, ഹോമിയോ മരുന്ന് വിതരണം, പ്രതിരോധവുമായി ബന്ധപ്പെട്ട നോട്ടീസുകൾ വിതരണം ചെയ്യൽ, ആയുർവ്വേദ മരുന്ന് കിറ്റ് വിതരണം, നിർദ്ധന രോഗികൾക്ക് ആംബുലൻസ് സൌകര്യം, എഫ്.എച്ച്.സി-യിലേക്ക് പൾസ് ഓക്സിമീറ്റർ, തെർമൽ സ്കാനർ നല്കൽ, നിർദ്ധന കുടുംബങ്ങളുടെ വീട് സാനിട്ടൈസേഷൻ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നിർവ്വഹിച്ചു.

**പ്രോജക്ടുകളുടെ വിവരം:**

തനത് ഫണ്ടിൽ നിന്നും പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട ഹെഡ് (Expenses Related To Pandemic/Epidemic Control)പ്രകാരമുള്ള ആകെ ചെലവ് 10,64,178/-രൂപയാണ്. പുറമേ കോവിഡ് പ്രതിരോധത്തിനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നിർവ്വഹിച്ചിട്ടുമുണ്ട്:-

1.പ്രോജ.നം.167/21 കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ, ചെലവ് 586500/-രൂപ (ധന.കമ്മീ.ഗ്രാന്റ്)

2.പ്രോജ.നം.168/21 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നല്കൽ, ചെലവ് ഒരു ലക്ഷം രൂപ (തനത് ഫണ്ട്)

**വാക്സിനേഷൻ വിവരം:**

ഗ്രാമപഞ്ചായത്തിൽ 2011ലെ സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യ 37495 ആണ്. പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള 35933പേർക്ക് ആദ്യ ഡോസ് പ്രതിരോധ വാക്സിൻ നല്കപ്പെട്ടു. വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുള്ളത് 31870പേരാണ്.

(*അവലംബം: ഓഡിറ്റ് എൻക്വയറി നം.10/20-21ന് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി)

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

20-21 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികളിൽ നീക്കം ചെയ്യപ്പെട്ടതും പുനരുപയോഗമുള്ളതുമായ സാധനങ്ങൾക്ക് താഴെ പറയും പ്രകാരം മൂല്യനിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിന് സർവ്വെ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. സർവ്വെ റിപ്പോർട്ടുകൾ പ്രകാരമുള്ള മൂല്യനിർണ്ണയങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | പേര് | നീക്കം ചെയ്യപ്പെട്ട സാധനങ്ങളുടെ വിവരം | സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള മൂല്യം |
|---|---|---|---|
| 162/20-21 | കൃഷി ഓഫീസ് മെയിന്റനൻസ് | GS Sheet | 2826 |
| 159/20-21 | തെക്കേക്കര നോർത്ത് ഗവ.എൽ.പി.എസ് | Door Panel | 6349 |
| 189/20-21 | ആഞ്ഞിലിപ്ര സ്കൂൾ മെയിന്റനൻസ് | MP Tiles | 7625 |
| 188/20-21 | പഴയ പഞ്ചായത്ത് ഓഫീസ് നവീകരണം | Sheet,Steelwork, Door,Window,Scrap Steel | 31558 |
| 242/20-21 | ടേക്ക് എ ബ്രേക്ക് | Sheet, Water Tank | 2485 |
| | | | 50843 |

ലേല നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, ഇതേ വരെയും ലേല നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിന്റെ കാരണം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(30/20-21) , പഴയ പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ലഭ്യമായ ഷീറ്റും മറ്റ് സാമഗ്രികളും എഫ്.എച്ച്.സി യിൽ നിർമ്മിച്ച വെയിറ്റിംഗ് ഷെഡിനും ഗ്രാമപഞ്ചായത്ത് ഓഫീസിൽ മെമ്പർമാർക്കായി സ്ഥാപിച്ച വിശ്രമമുറിക്കും ഉപയോഗിച്ചിട്ടുള്ളതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

പഴയ പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ലഭ്യമായ ഷീറ്റും മറ്റ് സാമഗ്രികളും എഫ്.എച്ച്.സി യിൽ നിർമ്മിച്ച വെയിറ്റിംഗ് ഷെഡിനും ഗ്രാമപഞ്ചായത്ത് ഓഫീസിൽ മെമ്പർമാർക്കായി സ്ഥാപിച്ച വിശ്രമമുറിക്കും ഉപയോഗിച്ചിട്ടുള്ളതാണെന്ന മറുപടിയെ സാധൂകരിക്കുന്ന എം ബുക്ക് ഉൾപ്പെടെയുള്ള ഫയൽ ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ സാധനങ്ങൾ ലേലം ചെയ്യുന്നതിനായി സെക്രട്ടറിക്ക് കൈമാറിയതായാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾക്ക് കൈമാറിയ സാധനങ്ങൾ പുനരുപയോഗിച്ചു എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുവാൻ കഴിയുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ നിന്നും വളരെ വ്യത്യസ്തമായ മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. 31558 രൂപ വരവ് നഷ്ടമായി വിലയിരുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി- കൂലിച്ചെലവ് സബ്സിഡി | 360000 | 360000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി- കൂലിച്ചെലവ് സബ്സിഡി | 606877 | 606877 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷകാഹാരം | 400000 | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | സ്കോളർഷിപ്പ് | 352830 | 352830 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | വയോജനങ്ങൾക്ക് കട്ടിൽ | 300000 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | പി.എച്ച്.സി, എഫ്.എച്ച്.സി ആക്കൽ | 2000000 | 2000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ബഡ്സ് സ്കൂൾ- പശ്ചാത്തലസൗകര്യം ഒരുക്കൽ | 500000 | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | പാലിന് സബ്സിഡി | 408070 | 408070 | 0 |
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി | 150000 | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | നെൽകൃഷി- കൂലിച്ചെലവ് സബ്സിഡി | 350000 | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | നെൽകൃഷി- കൂലിച്ചെലവ് സബ്സിഡി | 616580 | 616580 | 0 |
| ജില്ലാ പഞ്ചായത്ത് | അനുപൂരക പോഷകാഹാരം | 100000 | 100000 | 0 |

### 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | അസറ്റ് മാപ്പിംഗ് | 1942516 | 0 | 1942516 |
| KWA | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 5478073 | 0 | 5478073 |
| KWA | ജൽജീവൻ മിഷൻ | 903000 | 0 | 903000 |
| KSEB | തെരുവ് വിളക്ക് എക്സ്റ്റെൻഷൻ | 3600000 | 0 | 3600000 |
| | പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രമാക്കൽ | 4450000 | 0 | 4450000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Mission | | 124000 | 14106471 | 1319999 | | 14026472 |
| EMs | | | 928299 | 265772 | | 928299 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 38 | 2010-11 | 5.2.12(1) | പേപ്പർ ക്യാരിബാഗ് നിർമ്മാണ പരിശീലനം | ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയുടെ അദാലത്തിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 119407347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 131858031 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 31558 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6991579 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 31558 | | സനൽ ദത്ത്. ആർ, സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 1,20,000 | ഡോ.ആരതി സുശീലൻ,മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. ചെട്ടികുളങ്ങര |
| 1-25 | 4450000 | സനൽ ദത്ത്. ആർ, സെക്രട്ടറി |
| 1-26 | 1942516 | സനൽ ദത്ത്. ആർ, സെക്രട്ടറി |
| 1-28 | 415793 | കൃഷ്ണേന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 63270 | ഡോ.പ്രീത.എ.എച്ച്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| | 6991579 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-31 | 6620 | ശാരി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ് |
| 1-32 | 213712,ജി.എസ്.റ്റി | ശാരി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ് |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആരതി സുശീലൻ<br>,മെഡിക്കൽ ഓഫീസർ ,<br>എഫ്.എച്ച്.സി. ചെട്ടികുളങ്ങര | എഫ്.എച്ച്.സി. ചെട്ടികുളങ്ങര | തെക്കേമഠത്തിൽ,<br>പൈക്കുഴി,ഓച്ചിറ |
| സനൽ ദത്ത്. ആർ, സെക്രട്ടറി | സെക്രട്ടറി, ചെട്ടികുളങ്ങര<br>ഗ്രാമപഞ്ചായത്ത് | കല്ലുംമൂട്ടിൽ,ക്ലാപ്പന.പി.ഒ,<br>കരുനാഗപ്പള്ളി |
| കൃഷ്ണേന്ദു, അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | കൃഷ്ണേന്ദു. ജി.കെ, എറപൂത്തൻ വീട്,<br>ചാങ്ങ.പി.ഒ,വെള്ളനാട്, തിരുവനന്തപുരം |
| ഡോ.പ്രീത.എ.എച്ച്, മെഡിക്കൽ<br>ഓഫീസർ,<br>ആയുർവേദം | മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | നന്ദനം, വെസ്റ്റ് ഫോർട്ട്,<br>മാവേലിക്കര |
| ശാരി.ബി, അസിസ്റ്റന്റ്<br>എഞ്ചിനീയർ,<br>എം.എൻ.ആർ.ഇ.ജി.എസ് | ശാരി.ബി, അസിസ്റ്റന്റ്<br>എഞ്ചിനീയർ,<br>എം.എൻ.ആർ.ഇ.ജി.എസ് | ശാരി.ബി,<br>മാരൂർത്തറ വടക്കതിൽ,<br>ഓലകെട്ടിയമ്പലം പി.ഒ,<br>മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ<br>2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.12 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജിഎ5-1577/2013/ 24.5.14 |
| 2010-11 മുതൽ<br>2011-12 വരെ | എൽ.എഫ്.എപി 7-349/2014/ 19.03.14 |
| 2012-13 | എൽ.എഫ്.എ.പി7-397/2015/25.6.15/7.7.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി7-1608/15/23.12.15/15.01.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി7-830/16/29.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി7-1562/16, തീ. 30.12.16/ 20.01.2017 |
| 2016-17 | നം. കെ.എസ്.എ-എ.എൽ.പി-പി.7-938/17 തീ. 22.07.2017 |
| 2017-18 | നം. കെ.എസ്.എ-എ.എൽ.പി-പി.7-352/19<br>തീയതി. 15.05.2019 |
| 2018-19 | നം. കെ.എസ്.എ-എ.എൽ.പി-പി.7-144/20<br>തീയതി. 10.02.2020 |
| 2019-20 | നം. കെ.എസ്.എ-എ.എൽ.പി-പി.7 |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ആലപ്പുഴ.**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്